# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

| 2024 ഓഗസ്റ്റ് 1 | ദീപം 57 | നാളം 21 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org |
|---|---|---|---|---|---|---|


# പാരീസ് ഒളിമ്പിക്സ്

## മെഡൽനേട്ടത്തിൽ രണ്ടക്കം ലക്ഷ്യമിട്ട് ഇന്ത്യ




സനിൽ പി. തോമസ്


ലണ്ടനുശേഷം പാരീസിനും മൂന്നുതവണ ഒളിമ്പിക്സ് വേദിയായ നഗരം എന്ന പേരു കൈവരാൻ പോകുന്നു. ജൂലൈ 26 മുതൽ ഓഗസ്റ്റ് 11 വരെയാണ് പാരീസ് ഒളിമ്പിക്സ്. 1900 ത്തിലും 1924 ലും പാരീസ് ഒളിമ്പിക്സിന് ആതിഥേയത്വം വഹിച്ചിരുന്നു. ഇതിനുമുമ്പ് ലണ്ടനിൽ മാത്രമാണ് മൂന്നുതവണ (1908, 1948, 2012) ഒളിമ്പിക്സ് നടന്നത്. 206 രാജ്യങ്ങളിൽനിന്നു 10,500 കായികതാരങ്ങൾ പാരീസിൽ മത്സരിക്കും. യുക്രെയ്നിൽ ആക്രമണം നടത്തിയതിന്റെ പേരിൽ റഷ്യയെയും ബെലറൂസിനെയും രാജ്യാന്തര ഒളിമ്പിക് കമ്മിറ്റി സസ്പെൻഡ് ചെയ്തിരിക്കുകയാണ്. പക്ഷേ, ഇവിടങ്ങളിൽനിന്നുള്ള അത്‌ലറ്റുകൾക്കു സ്വതന്ത്രരായി മത്സരിക്കാം.




പുരുഷ-വനിതാതാരങ്ങളുടെ തുല്യപ്രാതിനിധ്യമായിരിക്കും പാരീസ് ഒളിമ്പിക്സിന്റെ പ്രത്യേകത. 34 സ്പോർട്സിൽ 329 ഇനങ്ങളിലായിരിക്കും മത്സരം. ബ്രേക്കിങ്ങും (ബ്രേക്ക് ഡാൻസ്) സർഫിങ്ങും സ്പോർട് ക്ലൈമ്പിങ്ങും സ്കേറ്റ് ബോർഡിങ്ങും പാരീസിൽ മത്സരയിനമാകും. ഇതിൽ ബ്രേക്കിങ് മാത്രമാണ് അരങ്ങേറ്റയിനം. കരാട്ടെ, സോഫ്റ്റ്ബോൾ, ബേസ്ബോൾ എന്നിവ ഒഴിവാക്കപ്പെട്ടു. ഒളിമ്പിക്സിൽ 28 അടിസ്ഥാനസ്പോർട്സ് ഇനങ്ങളാണുള്ളത്. ആതിഥേയ നഗരത്തിന് ആറിനങ്ങൾ കൂടുതലായി ഉൾപ്പെടുത്താം. പക്ഷേ, പാരീസ് നാലിനങ്ങളാണ് ഉൾപ്പെടുത്തിയത്.

റിഫ്യൂജിടീമിൽ ഇത്തവണ 11 രാജ്യങ്ങളിൽനിന്നുള്ള 36 അത്‌ലറ്റുകൾ (23 പുരുഷന്മാരും 13 വനിതകളും) ഉണ്ട്. ഇവർ ഒളിമ്പിക്സ്പതാകയ്ക്കു കീഴിലായിരിക്കും മത്സരിക്കുന്നത്. 2017 സെപ്റ്റംബറിലാണ് പാരീസ് നഗരം 2024 ഒളിമ്പിക്‌വേദിയായി തിരഞ്ഞെടുക്കുന്നത്. കൊവിഡ് മൂലം ടോക്കിയോ ഒളിമ്പിക്സ് 2020 ൽനിന്ന് 2021 ലേക്കു മാറ്റിയതിനാൽ കഴിഞ്ഞ ഒളിമ്പിക്സ് കഴിഞ്ഞ് മൂന്നുവർഷത്തിനുള്ളിൽ അടുത്ത ഒളിമ്പിക്സ് എത്തി. അതുപോലെ, ഹാങ്ചോ ഏഷ്യൻ ഗെയിംസ് 2022 ൽ നിന്ന് 2023 ലേക്കു മാറ്റിയതിനാൽ ഏഷ്യൻ ഗെയിംസ് കഴിഞ്ഞ് ഒരു വർഷം പോലും തികയുംമുമ്പ് ഒളിമ്പിക്സ് ആയി.

ഒളിമ്പിക്സിൽ ചരിത്രത്തിലാദ്യമായി ഇത്തവണ ഉദ്ഘാടനച്ചടങ്ങുകൾ പൊതുവേദിയിലാണു നടക്കുന്നത്. പാരീസ് നഗരമധ്യത്തിലൂടെ ഒഴുകുന്ന സെൻനദിയിലൂടെ ബോട്ടിൽ താരങ്ങളുടെ മാർച്ച് പാസ്റ്റ് നടത്താനാണു തീരുമാനം. ഒളിമ്പിക്സ് അട്ടിമറിക്കാൻ റഷ്യ ശ്രമിക്കുമെന്ന ആശങ്ക സംഘാടകർക്ക് ഇല്ലാതില്ല. ഫ്രഞ്ച് പ്രസിഡന്റുതന്നെ മുമ്പ് ഇക്കാര്യം സൂചിപ്പിച്ചതുമാണ്. എന്തായാലും ചരിത്രത്തിലെ ഏറ്റവും പ്രകൃതിസൗഹൃദ ഒളിമ്പിക്സ് ആയിരിക്കും പാരീസിലേതെന്ന് സംഘാടകർ ഉറപ്പുനൽകുന്നു. 35 വേദികളിലായിട്ടാണു മത്സരം. വേദികൾ തമ്മിലുള്ള അകലം ഒളിമ്പിക്സ് സ്പിരിറ്റ് കെടുത്തുമെന്ന് വിമർശനം ഉയരുന്നുണ്ട്. പാരീസ് നഗരത്തിന്റെ മുഖമുദ്രയായ ഈഫൽ ടവറിന്റെ ഇരുമ്പുപാളികളിൽനിന്നൊരു അംശം കൂട്ടിച്ചേർത്താണ് മെഡലുകൾ നിർമിച്ചിരിക്കുന്നത്.

### റെക്കോർഡ് മെഡൽനേട്ടം ലക്ഷ്യമിട്ട് ഇന്ത്യ

പതിനാറ് ഇനങ്ങളിൽ 117 കായികതാരങ്ങളാണ് ഇന്ത്യയ്ക്കായി പാരീസിൽ മത്സരിക്കുന്നത്. വനിതാ ഷോട്ട്പുട്ട് താരം ആദം ഖാത്തുവ ഇന്ത്യൻ അത്‌ലറ്റിക് ഫെഡറേഷൻ പ്രഖ്യാപിച്ച പട്ടികയിൽ ഉണ്ടായിരുന്നെങ്കിലും എൻട്രി ലിസ്റ്റിൽ ഉൾപ്പെട്ടില്ല. ആറു റാങ്കിങ് അടിസ്ഥാനത്തിൽ യോഗ്യത നേടിയിരുന്നതാണ്. ഇതോടെ അത്‌ലറ്റിക് സംഘം 30 ൽനിന്ന് 29 ആയി. ഷൂട്ടിങ്ങിൽ 21 അംഗ സംഘമാണ് ഇന്ത്യയെ പ്രതിനിധാനം ചെയ്യുന്നത്. ടോക്കിയോയിൽ 127 അത്‌ലറ്റുകൾ ഇന്ത്യൻടീമിൽ ഉണ്ടായിരുന്നു. ഇത്തവണ വനിതാ ഹോക്കി ടീം യോഗ്യത നേടാതെ പോയതാണ് എണ്ണം കുറയാൻ കാരണം. പക്ഷേ, സപ്പോർട്ട് സ്റ്റാഫിന്റെ എണ്ണം വർധിച്ചിട്ടുണ്ട്. പതിമൂന്നംഗ സ്പോർട്സ് സയൻസ് ടീം പുതിയ തുടക്കവുമാണ്.

ടോക്കിയോയിൽ ഏഴു മെഡൽ (ഒരു സ്വർണം, രണ്ടു വെള്ളി, നാലു വെങ്കലം) നേടി ഒളിമ്പിക്സ് ചരിത്രത്തിൽ തങ്ങളുടെ ഏറ്റവും മികച്ച പ്രകടനം കാഴ്ചവച്ച ഇന്ത്യ ഇത്തവണ ഇരട്ടസംഖ്യ ലക്ഷ്യമിടുന്നു. 1992 വരെ ഹോക്കിയിൽ നേടിയ എട്ടുസ്വർണവും ഒരു വെള്ളിയും രണ്ടു വെങ്കലവും ഒഴിച്ചാൽ 1952 ൽ ഹെൽസിങ്കിയിൽ ഗുസ്തിയിൽ കെ.ഡി. ജാദവ് നേടിയ വെങ്കലം മാത്രമായിരുന്നു ഒളിമ്പിക്സിലെ ഇന്ത്യൻ നേട്ടം. എന്നാൽ, 1996 ൽ അറ്റ്ലാന്റയിൽ ലിയാൻഡർ പെയ്സ് ടെന്നീസിൽ വെങ്കലം നേടിയത് വലിയൊരു മാറ്റത്തിന്റെ തുടക്കമായി. 16 വർഷത്തിനു മുമ്പ് ഇന്ത്യ മെഡൽപട്ടികയിൽ സ്ഥാനം വീണ്ടെടുത്തെന്നുമാത്രമല്ല, തുടർന്നുനടന്ന ഒളിമ്പിക്സിൽ ഇന്ത്യ മെഡൽ ഇല്ലാതെ മടങ്ങിയില്ല.

2008 ൽ ബെയ്ജിങ്ങിൽ ഷൂട്ടിങ്താരം അഭിനവ് ബിന്ദ്രയിലൂടെ ഒളിമ്പിക്സിലെ പ്രഥമ വ്യക്തിഗതസ്വർണം നേടിയ ഇന്ത്യ 2021 ൽ (ടോക്കിയോ 2020) നീരജ് ചോപ്രയിലൂടെ അത്‌ലറ്റിക്സിൽ ആദ്യമെഡൽ (സ്വർണം) നേടി. ബെയ്ജിങ്ങിൽ മൂന്നും ലണ്ടനിൽ ആറും റിയോയിൽ രണ്ടും മെഡൽ നേടിയ ഇന്ത്യ ടോക്കിയോയിൽ റെക്കോർഡ് നേട്ടമുണ്ടാക്കി. വെങ്കലം നേടിക്കൊണ്ട് ടോക്കിയോയിൽ ഇന്ത്യൻ പുരുഷടീം തിരിച്ചുവരവു നടത്തിയപ്പോൾ വനിതകൾ നാലാം സ്ഥാനം കരസ്ഥമാക്കി. ഇക്കുറി വനിതാ ഹോക്കി ടീം യോഗ്യത നേടിയില്ല എന്നതാണ് ഏറ്റവും വലിയ തിരിച്ചടി. അതുപോലെ, ടോക്കിയോയിൽ ഗുസ്തിയിൽ വെള്ളി നേടിയ രവികുമാർ ദാഹിയയും വെങ്കലം സ്വന്തമാക്കിയ ബജ്റങ് പുനിയയും പാരീസിൽ ഉണ്ടാവില്ല.

ഈ തിരിച്ചടികളിൽ ചിലത് ഇന്ത്യൻ സ്പോർട്സിലെ രാഷ്ട്രീയാതിപ്രസരത്തിന്റെ ബാക്കിപത്രമാണ്. എങ്കിലും, ഇന്ത്യ പ്രതീക്ഷയിൽത്തന്നെ. ജാവലിൻ താരം, നിലവിലെ ഒളിമ്പിക്, ലോക, ഏഷ്യൻ ഗെയിംസ് ചാമ്പ്യനായ നീരജ് ചോപ്രയിൽനിന്ന് പാരീസിലും ഇന്ത്യ മെഡൽ പ്രതീക്ഷിക്കുന്നു. രണ്ടുതവണ ലോക വനിതാ ബോക്സിങ് ചാമ്പ്യനായ നിഖാത് സരിനും ടോക്കിയോയിൽ വെങ്കലം നേടിയ ലൗലീനാ ബോർഗോ ഹെയ്നും മെഡൽ പ്രതീക്ഷയാണ്. ഗുസ്തിയിൽ മെഡൽനേട്ടം സാധ്യമായ ഒന്നിലധികം താരങ്ങളുണ്ടെങ്കിലും ലൈംഗികാരോപണങ്ങളും ഉത്തേജകവിവാദവും ട്രയൽസ് സംബന്ധിച്ച് ഉയർന്ന പ്രശ്നങ്ങളുമൊക്കെ താരങ്ങളുടെ പ്രകടനത്തെ ബാധിക്കാതിരിക്കട്ടെ എന്നു പ്രാർഥിക്കാം.

# മലയാളിമനസ്സിനെ കീഴടക്കിയ രണ്ടക്ഷരം



ജോർജ് പുല്ലാട്ട്

'ഒരു പന്തീരാണ്ടിനുശേഷം ലീലയെപ്പറ്റി ഞാനിന്ന് ഓർത്തുപോയി. ലീലയെന്നു കേൾക്കുമ്പോൾ നിങ്ങൾ വിചാരിച്ചേക്കാം, തെറ്റിദ്ധരിക്കാതിരിക്കാൻ പറയട്ടെ, അവളെന്റെ സഹോദരിയാണ്. ഈ വസ്തുത അറിയുന്നവർ ലോകത്തിൽ വളരെ കുറച്ചേയുള്ളൂ.'

പത്തു വയസ്സുള്ളപ്പോൾ ഹൃദയത്തെ നോവിച്ച ഒരനുഭവത്തെ ആധാരമാക്കി എം ടി എഴുതിയ 'നിന്റെ ഓർമയ്ക്ക്' എന്ന ചെറുകഥയുടെ തുടക്കമാണ് ഇപ്പോൾ നിങ്ങൾ വായിച്ചത്. കഥയുടെ അവസാനത്തിലും അതാവർത്തിക്കുന്നുണ്ട്. 'ഒരു പന്തീരാണ്ടിനുശേഷം ലീലയെപ്പറ്റി ഞാനിന്ന് ഓർത്തുപോയി.'

ഇരുപത്തിരണ്ടാം വയസ്സിൽ ഓർക്കാനൊരു കാരണം പത്തു വയസ്സുള്ളപ്പോൾ എംടിക്കു കിട്ടിയ ഒരു കളിപ്പാട്ടമാണ്. ഒരു റബർമൂങ്ങ. ഏറെക്കാലമായി അടഞ്ഞുകിടന്ന കാൽപ്പെട്ടി തുറന്നപ്പോൾ കണ്ടുകിട്ടിയ റബർമൂങ്ങ സമ്മാനിച്ചത് കൊളംബോയിൽനിന്ന് (അന്ന് കൊളമ്പ് ആണ്) അച്ഛനോടൊപ്പം വന്ന പത്തുവയസ്സുകാരി ലീലയാണ്.

അച്ഛന് കൊളമ്പിലെ ഏതോ ഒരു സ്ത്രീയിലുണ്ടായ മകളാണു ലീലയെന്നു നാട്ടിൽ വാർത്ത പരന്നതും അതുമൂലം വീട്ടിലൊത്തിരി കോലാഹലമുണ്ടായതും പിന്നെ അച്ഛനോടൊപ്പം അവൾ കൊളമ്പിലേക്കു തിരിച്ചുപോകുമ്പോൾ വിവരിക്കാനാവാത്ത വികാരങ്ങളോടെ പത്തുവയസ്സുകാരൻ നോക്കിനിന്നതുമൊക്കെയാണ് കഥയിൽ.

വലിയ സൂര്യകാന്തിപ്പൂക്കളുള്ള ഗൗണുമിട്ട് അരയിലൊരു നീല പട്ടുനാടയും കെട്ടി കൈയിൽ റബർമൂങ്ങയുമായി പോകാനിറങ്ങിയ അവൾ കോലായയിൽ തൂണും ചാരിനിൽക്കുന്ന വാസുവിന്റെ അടുത്തുചെന്ന് ആ മൂങ്ങ കൈയിൽവച്ചു കൊടുത്തു. ആ ചെക്കൻ സ്തബ്ധനായിപ്പോയി.

എം ടി കഥയിങ്ങനെ അവസാനിപ്പിക്കുന്നു:

'അച്ഛൻ മുന്നിലും ലീല പുറകിലുമായി പടിയിറങ്ങി... നീണ്ടുപോകുന്ന ഇടവഴിയിലൂടെ നടന്നകലുകയാണ്. അവർ പോകുകയാണോ?

ദൂരെ സൂര്യകാന്തിപ്പൂക്കളും നീല പട്ടുനാടയും കാഴ്ചയിൽനിന്നു മറഞ്ഞു...

പന്തീരാണ്ടിനുശേഷം ഞാനിന്ന് ലീലയെപ്പറ്റി ഓർത്തുപോയി.

പ്രിയപ്പെട്ട സഹോദരീ, നാഴികകൾക്കിപ്പുറത്തുനിന്ന് ഞാൻ മംഗളം നേരുന്നു.



*അർജന്റീനയ്ക്കടുത്ത് ദക്ഷിണ അറ്റ്ലാന്റിക് സമുദ്രത്തിലുള്ള, ഫോക്ലാൻഡ് ദ്വീപസമൂഹങ്ങളിലെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി ഫ്രാൻസിസ് മാർപാപ്പാ നിയമിച്ച റവ. ഫാ. ടോം തോമസ് പറ്റാശേരിൽ. റോസ്മിയൻ സഭാംഗമായ ഫാ. ടോം തോമസ് പാലാ രൂപത ഇലഞ്ഞി ഇടവകാംഗമാണ്.*

നിന്റെ ഓർമയ്ക്കുവേണ്ടി ഞാനിതു കുറിക്കട്ടെ.'

എത്രനേരം നോക്കിനിന്നാലും മടുക്കാത്ത വികാരസുന്ദരമായ ദൃശ്യമാണത്. മിഴിവാർന്ന ഒരു പെയിന്റിങ്ങുപോലെ.

'ദൂരെ സൂര്യകാന്തിപ്പൂക്കളും നീല പട്ടുനാടയും കാഴ്ചയിൽനിന്നു മറഞ്ഞു ...' അതു ഞാൻ എത്ര വട്ടം വായിച്ചു എന്നറിയില്ല. ഇപ്പോഴും അതു വായിക്കുമ്പോൾ എന്റെ കണ്ണു നിറയും.

ഒരു സഹോദരിയില്ലാത്ത പത്തു വയസ്സുകാരന് കുറച്ചു ദിവസത്തേക്കു കൂട്ടായി വന്നെത്തിയ സഹോദരി എന്നേക്കുമായി പിരിയുന്ന രംഗമാണ്.

കഥയിൽ ഇങ്ങനെയും എഴുതുന്നു: 'ഒരു പെൺകുട്ടിയുണ്ടായിക്കാണാൻ അച്ഛനുമമ്മയും ആഗ്രഹിച്ചിരുന്നു. മൂന്നാൺമക്കൾക്കുശേഷം അമ്മ ഗർഭിണിയായപ്പോൾ കണിയാർ പറഞ്ഞു: "ഇത്തവണ പെൺകുട്ടിതന്നെ."

എല്ലാവർക്കും സന്തോഷമായി.

ചെയ്യാത്ത വഴിപാടുകളും കേറാത്ത അമ്പലങ്ങളുമില്ല.

പക്ഷേ, പ്രതീക്ഷകളെയെല്ലാം തെറ്റിച്ചുകൊണ്ട് ഒരു ചാവാലിച്ചെക്കൻ ഭൂജാതനായി. വിനയപൂർവം പറയട്ടെ, ആ നിർഭാഗ്യവാൻ ഞാനാണ്.

ആ നിർഭാഗ്യവാനായ ചാവാലിച്ചെക്കനെ മലയാള സാഹിത്യത്തിലെ പെരുന്തച്ചനാക്കി കാലം മാറ്റി.

പലരുടെയും പല കൃതികളും വായിക്കുമ്പോൾ വായനക്കാർ കരയാറുണ്ട് അഥവാ വായനക്കാരെ കരയിപ്പിക്കുന്നവിധം എഴുതുന്നവരുണ്ട്. അത്തരം രംഗങ്ങൾ എഴുതുമ്പോൾ എഴുത്തുകാർ കരയാറുണ്ടോ എന്നത് അനേകം വായനക്കാർ ചോദിക്കാൻ ആഗ്രഹിക്കുന്ന ഒരു ചോദ്യമായിരിക്കും.

ഉണ്ട്. എഴുതുമ്പോൾ എഴുത്തുകാർ കരയാറുണ്ട്. പലതും ഉച്ചത്തിൽ വിളിച്ചുപറയാറുണ്ട്, അഭിനയിക്കാറുണ്ട്.

ദസ്തയേവ്സ്കി അങ്ങനെയുള്ള ഒരെഴുത്തുകാരനായിരുന്നു. തോപ്പിൽ ഭാസി നാടകമെഴുതുമ്പോൾ ഇപ്പറഞ്ഞതെല്ലാം ചെയ്യുമായിരുന്നുവെന്ന് അദ്ദേഹത്തിന്റെ മകൻ അജയൻ എഴുതിയിട്ടുണ്ട്.

കാരണം, മിക്ക എഴുത്തുകാരും രംഗങ്ങൾ ഭാവനയിൽ കണ്ടാണ് എഴുതുന്നത്. അതിലൂടെ അവർ കടന്നുപോകുന്നുണ്ട്.

എഴുത്തിനിടെ ഒരിക്കൽമാത്രമേ കരഞ്ഞിട്ടുള്ളുവെന്ന് എം ടി പറഞ്ഞിട്ടുണ്ട്. ആ കഥയാണ് 'നിന്റെ ഓർമയ്ക്ക്.' എംടി കരഞ്ഞെഴുതിയ ഒരേയൊരു കഥ.

ആ കഥ വായിച്ചു ഞാൻ കരഞ്ഞിട്ടുണ്ട്, പതിനഞ്ചാം വയസ്സിൽ. ഇന്നും, ഇതെഴുതുമ്പോഴും എന്റെ കണ്ണു നിറഞ്ഞു.

'ദൂരെ സൂര്യകാന്തിപ്പൂക്കളും നീല പട്ടുനാടയും കാഴ്ചയിൽനിന്നു മറഞ്ഞു...' എന്ന വാക്യം എന്റെ കണ്ണു നിറയ്ക്കും. അന്യദേശത്തേക്കു പോകുന്ന സഹോദരിയെ നോക്കി വിങ്ങിനിൽക്കുന്ന പത്തുവയസ്സുകാരൻ വാസുവിന്റെ സ്ഥാനത്ത് ഞാൻ എന്നെ നിർത്തുമ്പോൾ എന്റെ കണ്ണു നിറയും.


എംടിയുടെ കഥകളും നോവലുകളുമൊക്കെ തുടങ്ങുന്നതും അവസാനിക്കുന്നതും വായനക്കാരന്റെ ഹൃദയത്തിൽ പതിഞ്ഞുപോകുന്ന മനോഹരവാക്യങ്ങളോടെയാണ്.

ഇരുപത്തിമൂന്നാം വയസ്സിൽ എം ടി എഴുതിയ നാലുകെട്ടിന്റെ തുടക്കം നോക്കൂ: 'വളരും, വളർന്നു വലുതാവും, അപ്പോൾ കൈകാലുകൾക്കു നല്ല കരുത്തുണ്ടാവും. ആരെടാ എന്ന് ആരെങ്കിലും ചോദിച്ചാൽ ഞാനാണ്, കോന്തുണ്ണിനായരുടെ മകൻ അപ്പുണ്ണി എന്നു പറയാം.'

'മഞ്ഞ്' നോവൽ തുടങ്ങുന്നത് ഒറ്റ വാക്കിലാണ്: 'വായിക്കാനൊന്നുമില്ല.'

ഒരു കാലഘട്ടത്തിലെ യുവാക്കളെല്ലാം, പ്രത്യേകിച്ച് കാമുകർ, പരസ്പരം കുറ്റപ്പെടുത്താൻ ഉപയോഗിച്ചിരുന്ന പ്രസിദ്ധമായ ഒരു വാക്യമുണ്ട്. എംടിയുടെ 'കാലം' എന്ന നോവലിലെ അവസാനവാക്യമാണത്: 'സേതൂന് എന്നും ഒരാളോടേ ഇഷ്ടം ഉണ്ടായിരുന്നുള്ളൂ. സേതൂനോടുമാത്രം.'

അഞ്ചാം ക്ലാസിൽ പഠിക്കുമ്പോൾ വായിച്ച 'മാണിക്യക്കല്ലാ'ണ് ഞാൻ വായിക്കുന്ന ആദ്യ എം ടി കൃതി. അത് ഒത്തിരിവട്ടം വായിച്ചു. പതിനഞ്ചാം വയസ്സിൽ വാങ്ങിച്ച 'കാഥികന്റെ പണിപ്പുര'യാണ് സ്വന്തം സമ്പാദ്യംകൊണ്ട് ഞാൻ വാങ്ങുന്ന ആദ്യപുസ്തകം. ആദ്യം വാങ്ങിയ എംടി പുസ്തകവും അതുതന്നെ. കശുവണ്ടി വിറ്റുകിട്ടിയ രണ്ടു രൂപകൊണ്ടാണ് അതു വാങ്ങിയത്. പിന്നെപ്പിന്നെ എംടിയുടെ എല്ലാ പുസ്തകങ്ങളും വാങ്ങി, വായിച്ചു,



*വര : ജോർജ് പുല്ലാട്ട്*

സൂക്ഷിച്ചു.

കഥയെഴുത്തിന്റെ രസതന്ത്രങ്ങളെപ്പറ്റി വെറും ഇരുപത്തൊമ്പതു വയസ്സിൽ എഴുതാൻ തക്കവിധം കൃതഹസ്തനായിക്കഴിഞ്ഞിരുന്നു എം ടി.

'അറിയാത്ത അദ്ഭുതങ്ങളെ ഗർഭത്തിൽ വഹിക്കുന്ന മഹാസമുദ്രങ്ങളെക്കാൾ ഞാൻ അറിയുന്ന എന്റെ നിളാനദിയാണ് എനിക്കിഷ്ടം' എന്നെഴുതുന്ന എം ടി, ജന്മദേശമായ കൂടല്ലൂരിൽനിന്നു കണ്ടെടുത്ത നൂറു കണക്കിനു കഥാപാത്രങ്ങൾ ലോകപ്രസിദ്ധരായി.

'സ്വപുത്രൻ ബാഷ്പാകുലനേത്രങ്ങളോടെയാണ് മാതാവിന്റെ സവിധത്തിൽ അണഞ്ഞത്' എന്ന് എഴുതുന്നതിനു പകരം 'മകൻ കരഞ്ഞുകൊണ്ടാണ് അമ്മയുടെ അടുത്തെത്തിയത് ' എന്നെഴുതുന്നതാണ് സാഹിത്യമെന്ന് എം ടി തുറന്നുപറഞ്ഞു. ലളിതമായി പറയുന്നതാണ് ഉത്തമസാഹിത്യം എന്ന പാഠം എം ടി തന്റെ കൃതികളിലെല്ലാം പുലർത്തി.

ഏറ്റവും ലളിതമായ ഭാഷയിൽ എഴുതിയ ബഷീറാണ് മലയാളത്തിലെ ഏറ്റവും വലിയ എഴുത്തുകാരനെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു.

ഏതാനും വർഷങ്ങൾക്കുമുമ്പ് അമേരിക്കയിൽനിന്ന് അവധിക്കെത്തിയ എന്റെ സ്നേഹിതൻ തിരുവല്ലക്കാരൻ ബാബുവിന് എം ടിയുടെ വീടും നാടും കാണണമെന്ന് ഒരാഗ്രഹം. അങ്ങനെ ഞങ്ങൾ കൂടല്ലൂരിലെ ആൾതാമസമില്ലാത്ത മാടത്തു തെക്കേപ്പാട്ട് വീട്ടിൽ പോയി. അവിടെയെല്ലാം ചുമ്മാ ചുറ്റിനടന്നു. 'നിന്റെ ഓർമയ്ക്ക്' എന്ന കഥയെഴുതിക്കൊണ്ട്, കരഞ്ഞുകൊണ്ട്, എം ടി കിടന്ന ആ പത്തായം അവിടെങ്ങാനുമുണ്ടോ എന്നു ഞാൻ തിരഞ്ഞു. കണ്ടില്ല.

പത്തായമില്ലെങ്കിലും അതിന്റെ ഗന്ധവും ഓർമയും കഥയെഴുതിയ കടലാസിൽ വീണ കണ്ണീരും എന്നെ പൊതിഞ്ഞു.

(എട്ടു മണിക്കൂർകൊണ്ട് ഞാൻ വരച്ച ഈ പെൻസിൽ ചിത്രം എം ടി എന്ന മഹാസാഹിത്യമാന്ത്രികന്റെ പിറന്നാൾദിനത്തിൽ ഏറ്റവും ബഹുമാനത്തോടെ അദ്ദേഹത്തിന്റെ മുന്നിൽ വയ്ക്കട്ടെ.)

സൂര്യകാന്തിപ്പൂക്കളുള്ള കുപ്പായമിട്ട് അകലെ മറയുന്ന സഹോദരിയെ നോക്കി നിൽക്കുന്ന വാസുവിന്റെ ചിത്രം എന്നെ ഇന്നും കരയിക്കുന്നു.

■

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ
അസി. മാനേജർ : ഫാ. മാത്യു തെന്നാട്ടിൽ



നിന്റെ പ്രയത്നം കർത്താവിൽ അർപ്പിക്കുക;
നിന്റെ പദ്ധതികൾ ഫലമണിയും.
സുഭാഷിതങ്ങൾ 16:3

**എഡിറ്റോറിയൽ**

# ബജറ്റ് രാജ്യവികസനത്തിനോ രാഷ്ട്രീയപ്രീണനത്തിനോ?

**സാ**മ്പത്തികവും സാമൂഹികവുമായ സുപ്രധാനതീരുമാനങ്ങൾക്കൊപ്പം ബജറ്റിൽ 'ചരിത്രപരമായ ചില നടപടികളുമുണ്ടാകു'മെന്ന് ജൂൺ 27 ന് പതിനെട്ടാം ലോകസഭയുടെ ആദ്യസമ്മേളനത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു പറഞ്ഞിരുന്നെങ്കിലും, ചരിത്രപരം എന്നു വിശേഷിപ്പിക്കാൻ യാതൊന്നുമില്ലാതെ മൂന്നാം മോദിസർക്കാരിന്റെ ആദ്യബജറ്റ് ധനമന്ത്രി നിർമല സീതാരാമൻ പാർലമെന്റിൽ അവതരിപ്പിച്ചു. ലോകസഭാ തിരഞ്ഞെടുപ്പിനുമുമ്പ് ഫെബ്രുവരിയിൽ അവതരിപ്പിച്ച ഇടക്കാല ബജറ്റ് നരേന്ദ്രമോദി സർക്കാരിന്റെ ഭരണത്തുടർച്ചയ്ക്ക് ആത്മബലം നൽകിയെങ്കിൽ, അധികാരക്കസേര ഉറപ്പിക്കാനുള്ള പ്രീണനതന്ത്രങ്ങളിലാണ് ഇക്കുറി ബജറ്റ് ശ്രദ്ധയൂന്നിയതെന്നു വ്യക്തം. ബീഹാറിനും ആന്ധ്രപ്രദേശിനും കൈനിറയെ പദ്ധതികൾ പ്രഖ്യാപിച്ച ബജറ്റിനെ ബീഹാർ-ആന്ധ്ര ബജറ്റെന്നോ നിതീഷ് - നായിഡു ബജറ്റെന്നോ വിശേഷിപ്പിച്ചാൽ തെറ്റുപറയാനാവില്ല.

ബീഹാറിന് 26,000 കോടിയുടെ റോഡുപദ്ധതികളാണ് ബജറ്റിൽ വിഭാവനം ചെയ്തിരിക്കുന്നത്. പ്രളയപരിഹാരത്തിന് 11,500 കോടിയാണ് വകകൊള്ളിച്ചിട്ടുള്ളത്. ഊർജനിലയംപദ്ധതിക്ക് 21,400 കോടിയും. വിമാനത്താവളങ്ങൾ, മെഡിക്കൽ കോളജുകൾ, ടൂറിസം തുടങ്ങിയവയും ബീഹാറിന്റെ സ്വപ്നപദ്ധതികളായി ബജറ്റിലുണ്ട്. ആന്ധ്രപ്രദേശിന്റെ തലസ്ഥാനത്തിനുവേണ്ടിമാത്രം 15,000 കോടി, പിന്നാക്കമേഖലയുടെ പേരിൽ വേറൊരു 15,000 കോടി എന്നിങ്ങനെ പോകുന്നു രാഷ്ട്രീയപാരിതോഷികങ്ങൾ. ദക്ഷിണേന്ത്യയിൽ ആന്ധ്രപ്രദേശിനുമാത്രമാണ് കാര്യമായ എന്തെങ്കിലും സഹായമുള്ളത്. ഒഡീഷയുടെ ഭരണം ബിജെപിക്ക് ആദ്യമായി നൽകിയതിനു പ്രത്യുപകാരം എന്ന നിലയിലാവും വിനോദസഞ്ചാരവികസനത്തിനും മറ്റുമായി ആ സംസ്ഥാനത്തിനും തരക്കേടില്ലാത്ത പദ്ധതിസഹായങ്ങളുണ്ട്.

അതേസമയം, കൃഷി, തൊഴിൽ-നൈപുണ്യവികസനം, മാനവവിഭവശേഷിയും സാമൂഹികനീതിയും, ഊർജസുരക്ഷ, നിർമാണവും സേവനവും, ഗവേഷണവും വികസനവും എന്നിങ്ങനെ ഒമ്പതു മുൻഗണനാമേഖലകൾക്കു ബജറ്റ് ഊന്നൽ നൽകിയിട്ടുണ്ട്. അതിൽ പ്രധാനം കൃഷിയും തൊഴിലുമാണ്. കൃഷിക്കും അനുബന്ധമേഖലകൾക്കുമായി 1.52 ലക്ഷം കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നാലു കോടി യുവാക്കൾക്ക് തൊഴിലവസരം സൃഷ്ടിക്കുമെന്നു പറഞ്ഞ ധനമന്ത്രി രാജ്യത്തെ ഗ്രസിച്ചിരുന്ന തൊഴിലില്ലായ്മയെ അഭിസംബോധന ചെയ്യാൻ തയ്യാറായി എന്നത് സ്വാഗതാർഹം. നൈപുണ്യനയവികസനത്തിന് അഞ്ചുവർഷത്തേക്ക് രണ്ടു ലക്ഷം കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. ഏറ്റവും മികച്ച 500 കമ്പനികളിലായി അഞ്ചുവർഷംകൊണ്ട് ഒരു കോടി ചെറുപ്പക്കാർക്ക് ഇന്റേൺഷിപ്പ് ഒരുക്കുന്ന പദ്ധതിയും മറ്റുമൊക്കെ സ്വപ്നപദ്ധതികൾ എന്നതിനപ്പുറം, സ്വകാര്യമേഖലകൾ ഇത്രയധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സന്നദ്ധമാകുമോ എന്നത് കണ്ടറിയേണ്ട കാര്യമാണ്.

ആയിരം വ്യവസായപരിശീലനകേന്ദ്രങ്ങൾ ആരംഭിക്കുമെന്നും പത്തുലക്ഷം രൂപവരെ വിദ്യാഭ്യാസവായ്പാസഹായം ലഭ്യമാക്കുമെന്നും ബജറ്റിലുണ്ട്. വനിതാശക്തീകരണപദ്ധതികൾക്ക് മൂന്നു ലക്ഷം കോടിയാണു പ്രഖ്യാപിച്ചിരിക്കുന്നത്. ആധ്യാത്മികടൂറിസത്തെ പ്രോത്സാഹിപ്പിക്കാനായി ഗയയിലെ വിഷ്ണുപദ് ക്ഷേത്ര ഇടനാഴി, ബോധ്ഗയയിലെ മഹാബോധിക്ഷേത്രം, യു.പി. വാരാണസിയിലെ കാശി വിശ്വനാഥക്ഷേത്ര ഇടനാഴി തുടങ്ങിയവയുടെ വികസനത്തിന് ബജറ്റിൽ ഇടംകണ്ടെത്തിയിട്ടുണ്ടെങ്കിലും ഹിന്ദുപ്രീണനമെന്ന ആരോപണത്തിനു വഴിവയ്ക്കുന്നതാണത്.

ഭവനവായ്പ അടക്കമുള്ള ബാധ്യതകളില്ലാത്ത ഇടത്തരം വരുമാനക്കാർക്ക് പുതിയ ആദായനികുതിയിലെ ഇളവുകൾ ഗുണം ചെയ്തേക്കാം. സ്വർണത്തിനും മൊബൈൽ ഫോണുകൾക്കും നികുതി കുറയ്ക്കുന്നതും ചില കാൻസർ മരുന്നുകൾക്കു വില കുറയുന്നതും ആശ്വാസകരം. പ്രധാനമന്ത്രി ആവാസ് യോജന - ഗ്രാമീണപാർപ്പിടപദ്ധതി, പുരപ്പുറ സൗരോർജപദ്ധതി തുടങ്ങിയവയെല്ലാം ഈ ബജറ്റിലും തുടരുന്നുണ്ട്.

തിരഞ്ഞെടുപ്പിലും സർക്കാർ രൂപീകരണത്തിലും എൻഡിഎ മുന്നണിയെ പിന്തുണച്ചവരെയും അല്ലാത്തവരെയും എന്ന നിലയിൽ സംസ്ഥാനങ്ങളെ വേർതിരിച്ചു കണ്ടതാണ് ബജറ്റിന്റെ പ്രധാന ന്യൂനത. കേരളത്തിൽ ബിജെപി ലോകസഭയിലേക്ക് അക്കൗണ്ട് തുറന്നിട്ടും ബജറ്റിൽ കേരളത്തിന്റെ അക്കൗണ്ട് തുറന്നില്ലായെന്നത് പ്രതിഷേധാർഹമാണ്. ചരിത്രത്തിലാദ്യമായി കേരളത്തിൽനിന്ന് ലോകസഭയിലേക്ക് ഒരു എം.പി. എത്തിയിട്ടും, രണ്ടു കേന്ദ്രമന്ത്രിമാർ ഉണ്ടായിട്ടുപോലും അതിന്റെയൊന്നും സ്വാധീനം ബജറ്റിൽ പ്രതിഫലിച്ചില്ല. പല സംസ്ഥാനങ്ങളിലും തീർഥാടകടൂറിസത്തിനു ബജറ്റിൽ വൻപദ്ധതികൾ പ്രഖ്യാപിച്ചപ്പോഴും വിവിധമതസ്ഥരുടെ വലിയ തീർഥാടനകേന്ദ്രങ്ങൾ അധികമുള്ള കേരളത്തെ പാടേ തഴഞ്ഞിരിക്കുകയാണ്.

വിഴിഞ്ഞം രാജ്യാന്തരതുറമുഖത്തിന്റെ വരവോടെ പ്രകൃതിവാതകകയറ്റുമതി ലക്ഷ്യമിട്ട് കേരളത്തിൽ മുതൽമുടക്കാൻ ഒട്ടേറെ കമ്പനികൾ രംഗത്തെത്തിക്കൊണ്ടിരിക്കേ, ആ മേഖലയിലും കേരളത്തിനു ഗുണകരമായ പ്രഖ്യാപനങ്ങളില്ല. വിഴിഞ്ഞം തുറമുഖപദ്ധതിക്ക് 5000 കോടിയുടെ പ്രത്യേക പാക്കേജ് വേണമെന്ന കേരളത്തിന്റെ ആവശ്യം കൂട്ടാക്കിയില്ല.

ആരോഗ്യസംവിധാനം ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് മികച്ച രീതിയിൽ പ്രവർത്തിക്കുന്ന കേരളം ഏറെക്കാലമായി ആവശ്യപ്പെടുന്ന എയിംസ് അനുവദിച്ചില്ലെന്നതും സംസ്ഥാനത്തിനു മൊത്തമായുള്ള സങ്കടമാണ്. എയിംസ് സ്ഥാപിക്കാൻ ഭൂമിയും മറ്റും കണ്ടെത്തി നല്കുകയും ഇതു സംബന്ധമായ ഫയലും ഇതരനടപടികളും സംസ്ഥാനം കേന്ദ്ര ആരോഗ്യ, ധനമന്ത്രാലയങ്ങൾക്കു കൈമാറുകയും ചെയ്തിട്ടും ഫലം ശൂന്യം.

ബീഹാറിനും ആന്ധ്രയ്ക്കും വാരിക്കോരിക്കൊടുത്ത ബജറ്റിൽ കേരളം എന്ന വാക്ക് ഉച്ചരിക്കാൻപോലും ധനമന്ത്രി തയ്യാറാകാതിരുന്നതിൽ ഓരോ കേരളീയനും പ്രതിഷേധിച്ചേ മതിയാവൂ. ബിജെപിക്ക് അക്കൗണ്ട് തുറക്കാൻ അവസരം നല്കിയാൽ കേരളത്തിന് അതിശയകരമായ മാറ്റങ്ങളുണ്ടാകുമെന്നു പ്രചരിപ്പിച്ച നേതാക്കളൊക്കെ മാളത്തിനുള്ളിലാണ്.

വികസനം എല്ലാവർക്കുമെന്ന 'സബ്കാ സാത്, സബ്കാ വികാസ്' മുദ്രാവാക്യത്തിനു പകരം 'ഞങ്ങളെ സഹായിക്കുന്നവരെ തിരിച്ചും സഹായിക്കും' എന്ന തരത്തിലുള്ള പൊള്ളയായ രാഷ്ട്രീയകുതന്ത്രങ്ങളാൽ മെനയപ്പെട്ട ബജറ്റായി മാറി മൂന്നാം മോദി സർക്കാരിന്റെ ആദ്യബജറ്റ്. രാജ്യത്തിന്റെ നികുതിപ്പണം രാഷ്ട്രീയലക്ഷ്യങ്ങളോടെ ഇഷ്ടക്കാർക്കുമാത്രം വിതരണം ചെയ്യുന്ന ബജറ്റിൽ ഫെഡറലിസവും ജനാധിപത്യമര്യാദയുമാണു കശാപ്പു ചെയ്യപ്പെട്ടത്. സംസ്ഥാനങ്ങൾക്കുള്ള വിഹിതവിഭജനത്തിൽ കടുത്ത പക്ഷപാതം കാണിച്ച ബജറ്റിന്, രാജ്യത്തെയാകെ അഭിസംബോധന ചെയ്യുന്ന സമഗ്രനയരേഖയാകാൻ കഴിഞ്ഞോ എന്ന ചോദ്യം ബാക്കി നില്ക്കുന്നു.

# പ്രവാസികൾ സേവനത്തിന്റെ മാതൃകയാകണം : മാർ ജോസഫ് കല്ലറങ്ങാട്ട്

പാലാ: പ്രവാസികൾ ആതിഥേയരാജ്യങ്ങളിൽ സേവനത്തിന്റെ മാതൃകയാകണമെന്ന് പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്. പാലാ രൂപത പ്രവാസി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ നടത്തിയ ആഗോളപ്രവാസിസംഗമം കൊയ്നോണിയ - 2024 പാലാ സെന്റ് തോമസ് കോളജ് ബിഷപ് വയലിൽ ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

പ്രവാസം ഒരു പ്രക്രിയയാണെന്നും ഒരു പ്രശ്നമല്ലെന്നും ബിഷപ് പറഞ്ഞു. മറ്റു രാജ്യങ്ങളിലെത്തുന്നവർ അവിടത്തെ നന്മകൾ സ്വീകരിക്കണം. പ്രവാസികൾ വിശ്വാസത്തിന്റെയും സംസ്കാരത്തിന്റെയും സംവാഹകരാണ്. പ്രവാസിസംഗമം പാലായുടെ ബലവും ശക്തിയുമാണെന്നും ബിഷപ് പറഞ്ഞു.

ജീവിതമാകുന്ന സുവിശേഷത്തിലൂടെ പ്രവാസികൾ വിശ്വാസത്തിന്റെ സാക്ഷികളാകണമെന്ന് മാർ ജോസഫ് പള്ളിക്കാപറമ്പിൽ പറഞ്ഞു.

പാലാ രൂപത പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ജോസഫ് തടത്തിൽ അധ്യക്ഷത വഹിച്ചു. രൂപത പ്രവാസി അപ്പോസ്തലേറ്റ് പ്രവാസികൾക്കും കുടുംബങ്ങൾക്കുമായി നടത്തുന്ന പാലിയേറ്റീവ് വിഭാഗത്തിന്റെ സമർപ്പണം ദീപിക മാനേജിങ് ഡയറക്ടർ ഫാ. ബെന്നി മുണ്ടനാട്ട് നിർവഹിച്ചു. മാർ സ്ലീവാ മെഡിസിറ്റി പ്രവാസികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കുമായി പ്രഖ്യാപിച്ചിട്ടുള്ള മെഡികെയർ പ്രോഗ്രാം മെഡിസിറ്റി ഡയറക്ടർ മോൺ. ജോസഫ് കണിയോടിക്കലും പ്രവാസി അപ്പോസ്തലേറ്റ് കുട്ടികൾക്കായി സംഘടിപ്പിക്കുന്ന വ്യക്തിത്വവികസന പരിശീലനപരിപാടിയായ ട്രെയിനിങ് ആൻഡ് ഓറിയന്റേഷൻ പ്രോഗ്രാം രൂപത സിഞ്ചെല്ലൂസ് മോൺ. സെബാസ്റ്റ്യൻ വേത്താനത്തും ഉദ്ഘാടനം ചെയ്തു.



*പാലാ രൂപത പ്രവാസി അപ്പോസ്തലേറ്റ് സംഘടിപ്പിച്ച ആഗോള പ്രവാസിസംഗമം പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്യുന്നു.*

സിഞ്ചെല്ലൂസ് മോൺ. ജോസഫ് മലേപ്പറമ്പിൽ, പ്രവാസി അപ്പോസ്തലേറ്റ് ഡയറക്ടർ ഫാ. കുര്യാക്കോസ് വെള്ളച്ചാലിൽ, അസി. ഡയറക്ടർമാരായ ഫാ. ജോർജ് നെല്ലിക്കൽ, ഫാ. മാണി കൊഴുപ്പൻകുറ്റി, ഗ്ലോബൽ കോ ഓർഡിനേറ്റർ ഷാജിമോൻ മങ്കുഴിക്കരി, സെൻട്രൽ സെക്രട്ടറി ഷിനോജ് മാത്യു, രഞ്ജിത് മാത്യു എന്നിവർ പ്രസംഗിച്ചു.

വിവിധ കലാപരിപാടികൾ സംഗമത്തിനു മിഴിവേകി. വിവിധ തലങ്ങളിലെ പ്രതിഭകളെയും പ്രസംഗമത്സരവിജയികളെയും സംഗമത്തിൽ അനുമോദിച്ചു. പാലാ രൂപത പ്രവാസി അപ്പോസ്തലേറ്റ് മിഡിൽ ഈസ്റ്റ് കമ്മിറ്റിയുടെ പുതിയ ഭാരവാഹികൾ സംഗമത്തിൽ ചുമതലയേറ്റു.

# മലിനകേരളം സൃഷ്ടിക്കുന്നതാര്?




പി. വി. ആൽബി

**കേ**രളസംസ്ഥാനം ഭരിക്കുന്നവരുടെ മൂക്കിനുതാഴെ ഒരു അഴുക്കുചാലിൽ 47 വയസ്സുകാരനായ പാവപ്പെട്ട ഒരു ശുചീകരണത്തൊഴിലാളി ജോലിക്കിടെ കുടുങ്ങിപ്പോകുന്നു. അത്രയും കാലം ആമയുടെ ഇഴച്ചിലിനെപ്പോലും നാണിപ്പിക്കുന്ന ആലസ്യത്തോടെ നീങ്ങിയിരുന്ന ഈ വൻനഗരത്തിലെ അഴുക്കുനീക്കൽപ്രവൃത്തികൾക്കു പെട്ടെന്ന് ജീവൻവയ്ക്കുന്നു. 'ആമയിഴഞ്ചാൻതോട്' എന്ന ഈ കനാലിലേക്ക് നിരവധി രക്ഷാ ഏജൻസികൾ പാഞ്ഞെത്തുന്നു. പക്ഷേ, 46 മണിക്കൂറുകൾക്കുശേഷം കിട്ടിയത് ജോയി എന്ന കരാർത്തൊഴിലാളിയുടെ ചേതനയറ്റ ശരീരം. നെയ്യാറ്റിൻകരയിലെ ഹതഭാഗ്യയായ ഒരമ്മയുടെ ഏക ആനന്ദമായിരുന്നു അയാൾ.

ദക്ഷിണ റയിൽവേയുടെ പ്രധാനഭരണകേന്ദ്രങ്ങളിലൊന്നായ തിരുവനന്തപുരം ഡിവിഷന്റെ ഏറ്റവുമടുത്ത പരിധിയിൽ, സെൻട്രൽ റയിൽവേസ്റ്റേഷനോടു ചേർന്ന് പാളങ്ങളുടെ അടിയിലൂടെ ഒഴുകുന്ന തോടിന് ഈയൊരു പേരുവന്നത് ചരിത്രത്തിന്റെ കറുത്ത നിയമത്തിനാലാകാം. തീവണ്ടിപ്പാതകളോടു ചേർന്നുവരുന്ന ഭൂമിയുടെ അധികാരി ഇന്ത്യൻ റയിൽവേയാണ്. സ്വാഭാവികമായും അഴുക്കുചാലിന്റെ പ്രസ്തുത ഖണ്ഡവും അതിന്റെ സുസ്ഥിതിപാലനവും അവരുടെ ചുമതലതന്നെ. പക്ഷേ, തോട് റെയിൽവേപരിധിയിൽ ഒതുങ്ങിനിൽക്കുന്ന ഒന്നല്ല. നഗരത്തിന്റെ മറ്റു മേഖലകളിലൂടെയും ഒഴുകുന്ന തോടിന്റെ കാര്യത്തിൽ മൊത്തത്തിലുള്ള ഉത്തരവാദിത്വം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുമുണ്ട്. അതിനാൽത്തന്നെ പരസ്പരം പഴിചാരൽ എളുപ്പമാകും.

തങ്ങളുടെ ഭരണ - പരിപാലനപരിധിയിലെ തോടു വൃത്തിയാക്കാൻ റയിൽവേ ഏർപ്പാടാക്കിയ സ്വകാര്യ ശുചീകരണ ഏജൻസി നിയോഗിച്ച തൊഴിലാളിയായിരുന്നു ജോയി. തീർത്തും വൃത്തിഹീനമായ ആ പരിസരത്തിൽ, അപകടകരമായ സാഹചര്യത്തിൽ ജോലിയെടുക്കുന്നതിനു വാഗ്ദാനം ചെയ്യപ്പെട്ട നിസ്സാരമായ അധികകൂലിയാകാം ആ പാവപ്പെട്ട മനുഷ്യനെ അതിനു പ്രേരിപ്പിച്ചത്. ഏറെക്കാലമായി കേരളത്തിൽ നാം കേരളീയർ ചെയ്യാത്ത, പണ്ടു തമിഴനെയും ഇന്ന് ഹിന്ദിക്കാരനെയും ബംഗാളിയെയും ഏല്പിക്കുന്ന പണി. അത് ജോയി ഏറ്റെടുത്തതു തന്റെ ജീവിതസാഹചര്യങ്ങളുടെ നിസ്സഹായാവസ്ഥകൊണ്ടുതന്നെയാകണം. അങ്ങനെയുള്ള ഒരു നിസ്സഹായപൗരന്റെ ജീവന്, മെച്ചപ്പെട്ട ജീവിതം നയിക്കുന്ന ഭരണാധികാരികളും ഉദ്യോഗസ്ഥരും കരാറുകാരും കാര്യമായ വില കല്പിക്കുന്നില്ല എന്ന കാര്യം വ്യക്തമാണ്.



എന്നാൽ, ആ ഒരുകൂട്ടം ആളുകൾമാത്രമാണോ കുറ്റവാളികൾ? കുറച്ചുകാലംമുമ്പ് എറണാകുളം ജില്ലയിൽ ബ്രഹ്മപുരം മാലിന്യസംസ്കരണപ്ലാന്റിൽ തീപ്പിടിത്തമുണ്ടായപ്പോഴും ഉന്നയിച്ച ചോദ്യം.

1989 മുതൽ എനിക്കു സുപരിചിതമാണ് തിരുവനന്തപുരം നഗരവും ചുറ്റുപാടുകളും. മിക്കവാറും സന്ദർശനങ്ങളിൽ തമ്പാനൂരിൽ ട്രെയിനോ ബസോ ഇറങ്ങി കിഴക്കേക്കോട്ടയിലെ സിറ്റി ബസ്സ്റ്റാൻഡിലേക്കു നടക്കുമ്പോൾ ആമയിഴഞ്ചാൻതോട് കണ്ണിൽപ്പെടാറുണ്ട് - കാരണം, അതിലെ ഭീഷണമായ മാലിന്യക്കൂമ്പാരംതന്നെ. എറണാകുളത്ത് ഇങ്ങനെ ശ്രദ്ധിക്കപ്പെട്ടിരുന്ന സ്ഥലം കോർപ്പറേഷൻ ആസ്ഥാനത്തിനു തൊട്ടുവടക്കുള്ള മാലിന്യശേഖരണമൈതാനമായിരുന്നു. അതിലൂടെയാണ് ആലുവാപ്പുഴയിൽനിന്നെടുത്തു ശുദ്ധീകരിച്ച കുടിവെള്ളം വലിയ കുഴലുകളിലൂടെ കടന്നുപോകുന്നത്. വെള്ളം പ്രവഹിക്കാത്ത വേളകളിൽ 'മാലിന്യസത്ത്' കുഴലുകളിലേക്ക് ഊർന്നിറങ്ങുന്നതു പേടിപ്പെടുത്തുന്ന കാഴ്ചയായിരുന്നു. ഈ മാലിന്യശാല പിന്നീട് ബ്രഹ്മപുരത്തേക്കു മാറി.

തിരുവനന്തപുരം ദുരന്തത്തിൽ നാം റയിൽവേയെയും കോർപ്പറേഷനെയും സർക്കാരിനെയും വേണ്ടതിലധികം കുറ്റപ്പെടുത്തിക്കഴിഞ്ഞു; അത് ആവശ്യവുമാണ്. നിലവിലുള്ള ശുചീകരണസംവിധാനങ്ങളെ യഥാസമയം കാര്യക്ഷമമായി പ്രവർത്തിപ്പിച്ച് നാടും പരിസരങ്ങളും വൃത്തിയായി, ആരോഗ്യകരമായി, സുരക്ഷിതമായി സൂക്ഷിക്കുന്നതിൽ ഇവർ എല്ലാവരും പരാജയപ്പെട്ടു എന്നതിൽ തർക്കമില്ല. പക്ഷേ, അതിൽ തീരുമോ പ്രശ്നങ്ങൾ?

ഒരിക്കലുമില്ല. ഒരു നാടിന്റെ ശുചിത്വവും സുരക്ഷിതത്വവും കാര്യക്ഷമതയും ഒരു സാംസ്കാരികവിഷയമാണ്. ഏതാണ്ട് 25 വർഷംമുമ്പ് രണ്ട് ഐറിഷ് പൗരന്മാരുമായി അങ്കമാലിയിൽനിന്ന് ഇടപ്പള്ളിയിലെ വിൻസെൻഷ്യൻ സഭയുടെ ആസ്ഥാനത്തേക്കു യാത്ര ചെയ്യേണ്ടിവന്നപ്പോളുണ്ടായ ചെറിയൊരു സംഭവം ഞാൻ എപ്പോഴും ഓർക്കും. പീറ്റർ മഗ്ഗിനാസ് എന്ന പ്രശസ്ത ഡോക്യുമെന്ററി സംവിധായകനും സുഹൃത്ത് ജോവാൻ ഗല്ലഗറുമായിരുന്നു അവർ. ജൊവാൻ എനിക്കൊരു ചോക്കലേറ്റ് തന്നിരുന്നു. അതു തിന്നശേഷം കവർ ഞാൻ വിൻസെൻഷ്യൻ ജനറലേറ്റിനു മുന്നിലെ പൂന്തോട്ടത്തിലെ ഒരു ചട്ടിയിലിട്ടു. പെട്ടെന്നു ഞെട്ടിയ മധ്യവയസ്കയായ ആ സ്ത്രീ അതു കൈയിലെടുത്ത്, അത്തരം വസ്തുക്കൾ ശേഖരിക്കാനുള്ള കുട്ട തേടി നടപ്പായി!

പിന്നീട് മടക്കയാത്രയിൽ ഞാനൊരു ക്ഷമാപണത്തോടെ നടത്തിയ ദീർഘസംഭാഷണത്തിൽനിന്നാണ് യൂറോപ്പിലെ പൗരന്മാർക്ക് ശൈശവം മുതലേ ലഭിക്കുന്ന ശുചിത്വബോധത്തെക്കുറിച്ചും നിയമസാക്ഷരതയെക്കുറിച്ചും നല്ല പെരുമാറ്റശീലങ്ങളെക്കുറിച്ചും ഞാൻ മനസ്സിലാക്കുന്നത്. കേരളത്തിലെ മികച്ച ഒരു ശാസ്ത്ര - സാങ്കേതിക സർവകലാശാലയിൽ പഠിച്ച, പ്ലാസ്റ്റിക് വ്യവസായത്തെക്കുറിച്ചു സർക്കാരിനുവേണ്ടി ആദ്യമായി ഒരു പാഠപുസ്തകം എഴുതിയ എന്നെ അവർ അന്നത്തെ ആ പ്രവൃത്തിയെപ്രതി കുറ്റപ്പെടുത്തി.

വാസ്തവത്തിൽ, എന്തും ഉപയോഗിച്ചശേഷം അലക്ഷ്യമായി വലിച്ചെറിയുന്ന നമ്മുടെ സംസ്കാരമല്ലേ ആമയിഴഞ്ചാൻതോടിനെ ജോയിയുടെ മരണക്കെണിയാക്കി മാറ്റിയത്? ഈ സംസ്കാരത്തോടൊപ്പം അനിയന്ത്രിതമായ പ്ലാസ്റ്റിക് ഉപയോഗംകൂടിയായപ്പോൾ നമ്മുടെ അഴുക്കുചാലുകളും ജലാശയങ്ങളും കടലുകളും മലഞ്ചെരിവുകളും, എന്തിന് കൃഷിഭൂമിപോലും മരണക്കെണികളായി മാറുകയാണ്. ആമയിഴഞ്ചാൻതോട്ടിൽ തീവണ്ടിപ്പാതയുടെ അടിയിലെ ഭാഗത്ത് പ്ലാസ്റ്റിക് മാലിന്യങ്ങൾ കാലാകാലങ്ങളായി അടിഞ്ഞുകൂടി പാറപോലെ കട്ടിപിടിച്ചിരുന്നുവെന്നാണ് അവിടെ രക്ഷാപ്രവർത്തനത്തിനിറങ്ങിയ സ്കൂബാ ഡ്രൈവർമാരിൽ ഒരാളുടെ പിതാവായ എന്റെ സുഹൃത്തു പറഞ്ഞത്!

മാലിന്യശേഖരണത്തിന് 'ഹരിതകർമസേന' എന്നൊരു പരിപാടി കുറച്ചുവർഷങ്ങളായി സർക്കാർ നടത്തുന്നുണ്ടെങ്കിലും അതു വേണ്ടത്ര കാര്യക്ഷമമല്ല. അതിനായി ഒരു നിർബന്ധിത ഫീസു നിശ്ചയിച്ചതും മാലിന്യങ്ങൾ യഥാസമയം സംസ്കരണകേന്ദ്രങ്ങളിൽ എത്തിക്കാൻ കഴിയാത്തതും ഒക്കെ പ്രശ്നങ്ങളാണ്. സർവോപരി, ഒരു കടയിൽ ചെന്ന് ഒരു പായ്ക്കറ്റ് പാലോ ബിസ്കറ്റോ ഒരു കിലോഗ്രാം അരിയോ കുറച്ചു പച്ചക്കറികളോ വാങ്ങിയിട്ട് ക്യാരിബാഗ് ചോദിച്ചുവാങ്ങുന്ന നമ്മുടെ ശീലം മാറ്റിയെടുക്കണം. മുതിർന്ന തലമുറയിൽ അതു കാര്യമായി നടക്കുമെന്നു തോന്നുന്നില്ല. പക്ഷേ, നമ്മുടെ കുട്ടികളെ സ്കൂളിൽ നഴ്സറിക്ലാസുകൾമുതൽ വലിയ വലിയ കാര്യങ്ങൾ പഠിപ്പിച്ച് ഭാവിയിലെ പ്രൊഫഷണലുകളും ഉദ്യോഗസ്ഥരും ബിസ്സിനസുകാരും ഒക്കെയാക്കി മാറ്റാൻ വെമ്പുന്നതിനൊപ്പം പരിസരശുചിത്വം, നിയമപരിപാലനം, റോഡ് മര്യാദകൾ, അച്ചടക്കം, സാമൂഹികമര്യാദകൾ എന്നിവകൂടി പഠിപ്പിച്ചില്ലെങ്കിൽ നാട് ഇനിയും ഇങ്ങനെ ചീഞ്ഞുനാറുകയും റോഡുകൾ കുരുതിക്കളങ്ങളാകുകയും ഓടകൾ ജോയിമാരുടെ മരണക്കെണികളായി മാറുകയും ചെയ്യും. ■

---

കവിത

ലതാ പ്രസാദ് മുതുകുളം

## കാലചക്രം



മുട്ടിലിഴഞ്ഞു നടന്ന കാലം
മണ്ണപ്പം ചുട്ടു കളിച്ച കാലം
മുട്ടോളമെത്തുന്ന കൊച്ചുമുണ്ടാൽ
നാണം മറച്ചു നടന്നകാലം.

ശൈശവകാലം മധുരമല്ലോ
ബാല്യം മധുരതരവുമല്ലോ
കൗമാരകാലത്തടക്കിവച്ച
മോഹം മുളപൊട്ടും യൗവനത്തിൽ.

കാലങ്ങൾ മായ്ക്കുന്ന കോലങ്ങളിൽ
അർധവാർധക്യം കടന്നുകൂടി
ത്വക്കിൻ ചുളിവും നരച്ച മുടീം
കൃത്രിമമായി മറച്ചുവച്ചു.

മക്കളായി, പിന്നെ പേരമക്കൾ
ഒക്കെയും ചാരത്തു വന്നണഞ്ഞു
പൊയ്പ്പോയ കാലത്തിന്നോർമകളും
വന്നോരോ അണുവിലും കൂടെയെത്തി.

ഊന്നുവടിയുടെ കാലമായി
ദേഹം തരിച്ചു വിറച്ചുനിന്നു
തന്നെയും പിന്നെയും ഒന്നുതന്നെ,
ചൊല്ലിപ്പറച്ചിലും ശീലമായി.

ശൈശവം പിന്നിട്ട നാൾവഴികൾ
വീണ്ടും സ്മരണയിലൂളിയിട്ടു
കാലചക്രത്തിൻ കറക്കത്തിലാ
ശൈശവകാലം തിരികെയെത്തി.

# ആയിരങ്ങൾക്കഭയമരുളും സ്നേഹതീരം



ഡി. ശ്രീദേവി

'ഒരാൾക്കെത്ര ഭൂമി വേണം?' ലിയോ ടോൾസ്റ്റോയിയുടെ പ്രസിദ്ധമായൊരു കഥയാണിത്. ആസ്വദിപ്പിക്കുന്നതിനോടൊപ്പം വായനക്കാരനെ ഏറെ ചിന്തിപ്പിക്കുകയും മഥിക്കുകയും ചെയ്യുന്നൊരു കഥ. ഒരു പകൽ മുഴുവൻ ആർത്തിയോടെ തനിക്കുവേണ്ട ഭൂമി അളന്നെടുക്കാൻ വ്യഗ്രതപ്പെടുകയും ആ അലച്ചിലിനൊടുവിൽ തളർന്നുവീഴുന്ന ശരീരത്തിന് അഭയമാകാൻ ആറടി മണ്ണുമതി എന്ന കേവലയാഥാർഥ്യം തിരിച്ചറിയുകയും ചെയ്യുമ്പോൾ ജീവിതം അവസാനിച്ചിരിക്കുന്നു. ഇതൊരു ജീവിതസമസ്യയാണ്. ഞാൻ ഞാൻതന്നെ എന്ന ഭാവമാണ്. അതിരുകളില്ലാത്തൊരു അത്യാഗ്രഹമാണ്. ഞാൻ എന്നതു ശരീരംമാത്രമാണെന്നും അതിന്റെ തൃഷ്ണകൾക്കപ്പുറം സംപ്രീതമാകുന്ന മറ്റൊന്നുമില്ലെന്നുമുള്ള കപടധാരണകളാണ് ഇന്ന് യന്ത്രയുഗമനുഷ്യനെ നിയന്ത്രിക്കുന്നത്.

''ഈ ഭൂമി അവിടുത്തെ സ്വന്തമാണ്. അനന്തവിസ്തൃതമായ ആകാശവും അവിടുത്തെ സ്വന്തമാണ്. സാഗരങ്ങൾ അവനിൽ കുടികൊള്ളുന്നു. എന്നിട്ടും അവിടുന്നു ശയനംകൊള്ളുന്നത് ആ ചെറിയ കുളത്തിലാണ്.'' അഥർവവേദത്തിലേതാണ് ഈ വാക്യങ്ങൾ. ജീവിതാദർശത്തെ ലക്ഷ്യപ്പെടുത്തേണ്ടത് എങ്ങനെയെന്ന് ഈ വാക്യങ്ങൾ വ്യക്തമാക്കുന്നു. ഒരുപക്ഷേ, നമുക്കു മുന്നേ നടന്നിരുന്നവരിൽ ചിലർ ഇന്നും ജനമനസ്സിൽ ഉദാത്തമായൊരു സ്മരണയായി നിലനിൽക്കുന്നുണ്ടെങ്കിൽ തീർച്ചയായും അവരും ഇത്തരമൊരു മാതൃക സ്വീകരിച്ചവർതന്നെ. അൽഫോൻസാമ്മയും അങ്ങനെയാണ് നമുക്കു പ്രിയപ്പെട്ടവളാകുന്നത്. 1946 ജൂലൈ 28 – അന്ന് അൽഫോൻസാമ്മയുടെ ആത്മാവിനെ വരവേൽക്കാൻ ആകാശത്തുനിന്നു മഴമേഘങ്ങൾ അതിപ്രഹർഷത്തോടെ കടന്നുവന്നു.




മഴയായി പൊഴിയുന്ന ഭക്തി. അതു പല കൈവഴികളിലൂടെ ലയിച്ചുചേർന്ന് ഭരണങ്ങാനത്തെത്തുമ്പോൾ ഒരു വലിയ കടലായി മാറുന്നു. ജീവിതസമസ്യകളുടെ ഉപ്പുരസമുണ്ടതിന്. സ്നേഹത്തിന്റെ കൃപാരസമുണ്ട്. അതു മണ്ണിനെ കുളിർപ്പിക്കുകയും തളിർപ്പിക്കുകയും ചെയ്യുന്നു; അതൊരു ചെറിയ മന്ദസ്മിതമാണെങ്കിൽക്കൂടി. തീരങ്ങളെ വിഴുങ്ങാതെ നുര ചിതറി തഴുകിത്തലോടി അതങ്ങനെ പ്രസരിക്കുന്നു. അതുതന്നെയാണ് വിശുദ്ധ അൽഫോൻസാമ്മ. ജീവിതസ്വപ്നങ്ങളെ ജാഗരൂകമാക്കുന്ന ഒരു വലിയ സന്ദേശത്തിന്റെ കുരിശുമെടുത്താണ് അവൾ ഈ ലോകത്തേക്കു രംഗപ്രവേശം ചെയ്തത്. അവൾ എന്ന് സംബോധന ചെയ്യുമ്പോൾ അതു ഞങ്ങളുടെ മനസ്സിന്റെ ആഴങ്ങളിൽ വന്നു മുട്ടി അഹം ബ്രഹ്മം എന്ന് ഓർമപ്പെടുത്തുന്നതുകൊണ്ടാണെന്ന് പ്രിയപ്പെട്ട അമ്മ മനസ്സിലാക്കുമെന്ന കരുത്തുണ്ട്. ഈ ഭൂമിയിൽ ജനിച്ചുമരിക്കുന്ന സാധാരണക്കാരുടെ ജീവിതധാരകൾ എത്ര ഹ്രസ്വവും അസുന്ദരവുമാണ്. എന്നിട്ടും, ഈ ഭൂമിയും ആകാശവും എന്റെ സ്വന്തമാകണമെന്ന വ്യാമോഹത്തിൽ സ്വപ്നം നെയ്യുകയും യുദ്ധം നടത്തുകയും ചെയ്യുന്ന മനുഷ്യമനസ്സിന്റെ പ്രഹേളികയ്ക്കുനേരേ അമ്മ ചിരിക്കുന്നതു നാം കണ്ടില്ലെന്നു നടിക്കുന്നു.

ഭരണങ്ങാനത്തിന്റെ പുണ്യകുസുമമെന്നു വാഴ്ത്തുന്ന അൽഫോൻസാമ്മ വർത്തമാനകാലത്തു പ്രസക്തമാകുന്നതെങ്ങനെയാണ്? അമ്മ പ്രസംഗിക്കുകയോ പുസ്തകമെഴുതുകയോ ചെയ്തില്ല. ഒരു രാഷ്ട്രീയപ്പാർട്ടിയിലും അംഗമായി

▶ 8







# സ്നേഹത്തിന്റെ സഹനപർവം

7-ാം പേജ് തുടർച്ച

രുന്നില്ല. അധികാരത്തിന്റെ കസേരയിൽ ഒരിക്കലുമിരുന്നിട്ടില്ല. തിരശ്ശീലയ്ക്കുപിന്നിൽ നില്ക്കാനായിരുന്നു എപ്പോഴുമിഷ്ടം; ഞാൻ വെറുമൊരു മെഴുകുതിരിയാണെന്ന ഭാവത്തോടെമാത്രം. എന്നിട്ടും, ജനലക്ഷങ്ങളുടെ പ്രാർഥനാമന്ത്രമാണ് ഉരുക്കഴിക്കപ്പെടുന്നതെങ്കിൽ അതിൽ അന്തർലീനമായ വലിയൊരു നാദധാരയുണ്ട്. അത് ഉന്മുഖമായിരുന്നൊരു രാഗരസമുണ്ട്. ഈ പ്രപഞ്ചത്തെയാകെ നയിച്ചുകൊണ്ടിരിക്കുന്ന ആ ശക്തിവിശേഷത്തിലേക്കുതന്നെയാണ് അൽഫോൻസാമ്മ ഉറ്റുനോക്കിക്കൊണ്ടിരുന്നതും. അതൊരു തപസ്വിനിയുടെ ഏകാഗ്രധ്യാനമായിരുന്നു, അചഞ്ചലമായ ഭക്തിയായിരുന്നു. സ്നേഹമെന്നതായിരുന്നു ആ പ്രണവമന്ത്രം. തിരിച്ചുപ്രതീക്ഷിക്കാത്ത, നഷ്ടപ്പെടുത്താൻ ധൈര്യം കാണിക്കുന്ന സ്നേഹം.

ബാല്യകൗമാരങ്ങളും യൗവനത്തിൽ കുറച്ചുഭാഗവും ഒരു കുടുംബത്തിന്റെ സ്നേഹമൂറുന്ന പരിരക്ഷയിലും അച്ചടക്കത്തിലും കഴിഞ്ഞുകൂടിയ ഒരു സാധാരണ പെൺകുട്ടിക്ക് എങ്ങനെയാണ് മനുഷ്യമനസ്സുകളെ ഭക്തിയുടെ കുളിർധാരയിൽ സന്നിവേശിപ്പിക്കാൻ കഴിഞ്ഞത്? ഉത്തരം വളരെ ലളിതം... ആത്മജ്ഞാനം. ടോൾസ്റ്റോയിയുടെ ചെറുകഥപോലെ അതൊരു ചോദ്യമാണ്. ഒരാൾക്കെത്ര ഭൂമി വേണം? കുട്ടിക്കാലംമുതലേ ഈശ്വരോന്മുഖമായിരുന്ന ഒരു മനസ്സിന് ഈ ചോദ്യത്തിന്റെ ഉത്തരം കണ്ടെത്താൻ പ്രയാസമില്ല.

ഭൗതികമായതെന്തും നശ്വരമാകുമെന്ന് ആ പെൺകുട്ടി തിരിച്ചറിഞ്ഞിരുന്നു. പാഠങ്ങളും പാഠഭേദങ്ങളും വിശകലനം ചെയ്യാൻ പാകത്തിൽ പരുവപ്പെട്ടൊരു ജ്ഞാനസമൂഹമാണ് വർത്തമാനകാലത്തെ മനുഷ്യർ. പെൺകുട്ടികൾക്ക് ആവശ്യത്തിനു പ്രതികരണശേഷിയുമുണ്ട്. എന്നിട്ടും, ജീവിതായോധനകലയിൽ അവർ പലപ്പോഴും പരാജയപ്പെടുന്നു. സഹനം! സഹിഷ്ണുത! ഇതൊരു വിജയമന്ത്രമാക്കാൻ യുവതലമുറയ്ക്കു സാധിക്കുന്നില്ല. കാഴ്ചപ്പാടുകളിലെ അവ്യക്തതയും ലക്ഷ്യബോധമില്ലായ്മയുമാണ് ഇതിനു കാരണം.

അൽഫോൻസാമ്മയിലേക്കു നോക്കൂ... ലക്ഷ്യത്തിലെത്താനുള്ള നിരന്തരധ്യാനം. ബകധ്യാനംപോലെയാണത്. ചുറ്റുപാടുകളിലെ പ്രലോഭനശബ്ദങ്ങളൊന്നുംതന്നെ അമ്മയെ ധ്യാനത്തിൽനിന്നുണർത്തിയില്ല. അതിനുവേണ്ടി ജീവിതത്തിൽ കടന്നുപോയ കഠിനവഴികൾ ഏറെയാണ്. സഹനമാണ് വിജയത്തിന്റെ സത്തയെന്ന് ആ അനുഭവങ്ങൾ നമ്മെ ഓർമിപ്പിക്കുന്നു. ചെറിയ ചെറിയ കാര്യങ്ങളിൽ വിജയിച്ചുകൊണ്ടാണ് അൽഫോൻസാമ്മ ലക്ഷ്യത്തിലെത്തിയത്. ആഡംബരപൂർണജീവിതത്തിന്റെ കുത്തൊഴുക്കിൽപ്പെട്ട് ബന്ധങ്ങളെയും അവയുടെ മൂല്യങ്ങളെയും തിരസ്കരിച്ച്, നൈമിഷികാനന്ദങ്ങളിൽ ആറാടി രസിക്കുമ്പോൾ ജീവിതം ക്ഷണപ്രഭാചഞ്ചലമാണെന്ന വസ്തുത പലപ്പോഴും മനുഷ്യൻ മറക്കുന്നു. മനുഷ്യൻ മനുഷ്യനെ സ്നേഹിക്കാൻ മറന്നുപോകുന്നു. പ്രപഞ്ചത്തിൽ താൻമാത്രമാണെന്ന അഹംബോധം. വിട്ടുവീഴ്ചയ്ക്കു തയ്യാറാകാത്ത മനസ്സ്. അതിന്റെ പ്രലോഭനങ്ങൾ! ആത്മഹത്യകൾ! കൊലപാതകങ്ങൾ! ഇതിഹാസകാവ്യമായ രാമായണത്തിൽ രാമൻ അയോധ്യയിൽനിന്ന് കാനനവാസത്തിനു പോകുന്ന സന്ദർഭത്തിൽ അനുജൻ ലക്ഷ്മണൻ പറയുന്നുണ്ട്, അച്ഛനെ എതിർത്തിട്ടാണെങ്കിലും ജ്യേഷ്ഠന് ഞാൻ അധികാരം നേടിത്തരും. അതിനു രാമന്റെ മറുപടി ഇപ്രകാരമായിരുന്നു: ആ അധികാരക്കസേര എന്നന്നേക്കുമുള്ളതാണെങ്കിൽ ആവാം...

> മനസ്സിന്റെ സൗന്ദര്യം വർദ്ധിപ്പിക്കാതെ ലേപനങ്ങൾകൊണ്ടു ബാഹ്യസൗന്ദര്യത്തെ ആവിഷ്കരിക്കുന്നവർക്ക് വലിയൊരു കനൽച്ചൂളതന്നെയാണ് അൽഫോൻസാമ്മ. അതൊരു തപസ്വിനിയുടെ ഏകാഗ്രധ്യാനമായിരുന്നു, അചഞ്ചലമായ ഭക്തിയായിരുന്നു. സ്നേഹമെന്നതായിരുന്നു ആ പ്രണവമന്ത്രം. തിരിച്ചുപ്രതീക്ഷിക്കാത്ത, നഷ്ടപ്പെടുത്താൻ ധൈര്യം കാണിക്കുന്ന സ്നേഹം.

'ശ്രീഭൂവിലസ്ഥിര'മെന്ന് 'വീണപൂവി'ൽ ആശാൻ പാടുന്നു. സൗന്ദര്യം ക്ഷണികമാണെന്നും ഒന്നും ആവശ്യത്തിലധികം ഉണ്ടാകാൻ പാടില്ലെന്നും അൽഫോൻസാമ്മ തിരിച്ചറിഞ്ഞിരുന്നു. സ്വന്തം സൗന്ദര്യത്തിന്റെ പേരിൽ ഊറ്റംകൊണ്ടവളായിരുന്നു ആശാന്റെ വാസവദത്തയും. ആത്മജ്ഞാനമില്ലാത്തതുകൊണ്ട് അവളത് നിർവൃതിയാക്കി. ഒടുവിലെന്തു സംഭവിച്ചു? മനസ്സിന്റെ സൗന്ദര്യം വർദ്ധിപ്പിക്കാതെ ലേപനങ്ങൾകൊണ്ടു ബാഹ്യസൗന്ദര്യത്തെ ആവിഷ്കരിക്കുന്നവർക്ക് വലിയൊരു കനൽച്ചൂളതന്നെയാണ് അൽഫോൻസാമ്മ. സ്ത്രീപുരോഗമനവഴികളിൽ യാത്ര നടത്തുന്ന ഇക്കാലത്തും അൽഫോൻസാമ്മയിൽനിന്നു വായിക്കാനേറെയുണ്ട്. സഹിഷ്ണുത! അതൊരു വലിയ ശക്തിയാണ്. എതിർപ്പുകളും പ്രതിഷേധങ്ങളും പ്രതികരണങ്ങളും ഉണ്ടായിരിക്കുമ്പോൾത്തന്നെ സ്വയംസഹനത്തിന്റെ ചില തിരിച്ചറിവുകളും സമകാലിക ജീവിതത്തിൽ സ്ത്രീകൾക്ക് ഏറെ ആവശ്യമാണ്.

മൂല്യങ്ങളൊക്കെ മാറിമറിഞ്ഞുവരികയാണ്. കുടുംബം, അമ്മ എന്നീ പദങ്ങളുടെ അർഥവും ആഴവും നഷ്ടപ്പെട്ടുതുടങ്ങിയിരിക്കുന്നു. ആ പദങ്ങളുടെ അർഥം ഇരുളടഞ്ഞുപോകുന്ന കാലത്ത്... നാടിന്റെ ഭാഷയും സംസ്കാരവും ഒലിച്ചുപോകുന്ന കാലത്ത്... ഒരു വീണ്ടെടുപ്പിനുവേണ്ടി നമുക്ക് അൽഫോൻസാമ്മയിലേക്കു നോക്കാം. നിശ്ശബ്ദമായിരുന്നു ആ സേവനം. കുട്ടികളായിരുന്നു ഹൃദയമന്ത്രത്തിൽ... കാരണം, നാളെ എന്നത് അവരാണ്. അതുകൊണ്ട് അവർ നന്നാകണം. അധ്യാപകമനസ്സായിരുന്നു അൽഫോൻസാമ്മയുടേത്. ഒന്നും തന്റേതാക്കിവച്ചില്ല. കരുണയായിരുന്നു മനസ്സുനിറയെ. കള്ളനോടുപോലും കപടതയില്ലാതെ... ഈശോനാഥനോടു ചേരാൻ അനുനിമിഷം കാത്തിരിക്കുന്ന ഒരാൾക്ക് അങ്ങനെയാകാനേ കഴിയൂ... സഹനത്തിന്റെ മാന്ത്രികവിദ്യയിലൂടെ ലോകം കീഴടക്കാൻ കഴിഞ്ഞ എളിമയും ലാളിത്യവും നിറഞ്ഞ ഒരു വിശുദ്ധജീവിതം.

കേവലമനുഷ്യനു കഴിയില്ലെന്നു കരുതിയവ മനസ്സിന്റെ ഇച്ഛാശക്തിയിലൂടെ അൽഫോൻസാമ്മ കരസ്ഥമാക്കി. ഒരു സാധാരണ കന്യാസ്ത്രീയായി, വെല്ലുവിളികൾ നിറഞ്ഞ ജീവിതത്തിലൂടെ ഭൂമിയിലെ അനന്തരതലമുറകളുടെ വൈവിധ്യം നിറഞ്ഞ ജീവിതത്തിലേക്ക് വലിയൊരു മാതൃകയായി കടന്നുചെല്ലാൻ കഴിഞ്ഞുവെന്നതാണ് അൽഫോൻസാമ്മയുടെ പേരിൽ ഭരണങ്ങാനത്തേക്കൊഴുകുന്ന ഭക്തജനങ്ങൾ നല്കുന്ന വിശുദ്ധസാക്ഷ്യം.



തിരുനാൾ ആശംസകൾ
ST. ALPHONSA SHRINE
CANTEEN & FOOD COURT
ALPHONSA SHRINE TOWER
BHARANANGANAM
PH: 94961 23624, 94475 92719
COOL AMBIANCE, 200 COVERS AT A TIME
A/C & NON A/C


INDIAN, SOUTH INDIAN, NORTH INDIAN & CHINESE SNACKS, FRESH JUICE, ICE CREAM ETC...




തിരുനാൾ ആശംസകൾ
ഗ്രീൻ എക്കോ ഷോപ്പ്
വെട്ടുകല്ലേൽ ആർക്കേഡ്
ഭരണങ്ങാനം
ഫോൺ: 9961628480, 8606532289
ജൈവഉത്പന്നങ്ങളുടെ കലവറ. മിതമായ വിലയ്ക്ക് ഗുണമേന്മയുള്ള ചെറുധാന്യങ്ങൾ, പശുവിൻ നെയ്യ്, വൻതേൻ, ചെറുതേൻ, മൂല്യവർധിത ഉത്പന്നങ്ങൾ.

JYOTHI PUBLIC SCHOOL
PAIKA POOVARANI PO, KOTTAYAM
686577, PH. 04822 226835
EMAIL: jpschoolpaika@yahoo.com
WEBSITE:www.jyothipublicschool.ac.in

തിരുനാൾ ആശംസകൾ


# പരിമളം പരത്തുന്ന നൊമ്പരത്തിപ്പൂവ്



ഡോ. തോമസ് മൂലയിൽ

ചെമ്പരത്തിയിൽ വിരിയുന്നതു ചെമ്പരത്തിപ്പൂവ്; നൊമ്പരത്തിൽ വിരിയുന്നതു നൊമ്പരത്തിപ്പൂവ്! അങ്ങനെ വിരിഞ്ഞ ഒരു നൊമ്പരത്തിപ്പൂവാണ് വി. അൽഫോൻസാമ്മ. വീണപൂവിനെ നോക്കിക്കൊണ്ട് ആശാൻ പാടി: 'കരിഞ്ഞുമലിഞ്ഞുമാശു മണ്ണാകുമീ മലരു, വിസ്മൃതമാകുമിപ്പോൾ' എന്നാൽ, ഈ നൊമ്പരത്തിപ്പൂവ്, മറ്റേതൊരു പൂവും പോലെ കരിഞ്ഞലിഞ്ഞു മണ്ണായെങ്കിലും അതു വീണ്ടും വിരിഞ്ഞു; മണ്ണിലല്ല, വിണ്ണിൽ.

ഈ നൊമ്പരത്തിപ്പൂവ് വിരിഞ്ഞതെങ്ങനെയെന്ന് അൽഫോൻസാമ്മയുടെ ആത്മീയഗുരുവായിരുന്ന ബഹു. റോമുളൂസച്ചൻ രേഖപ്പെടുത്തുന്നതിങ്ങനെ: ''മറിയം ഏലീശ്വയെ സന്ദർശിക്കാൻ പോയതുപോലെ, അന്ന് എട്ടുമാസം ഗർഭിണിയായിരുന്ന മറിയത്തെ സന്ദർശിക്കാൻ കുടമാളൂർ അന്നമ്മ (ജ്യേഷ്ഠത്തി) എത്തിയിരുന്നു. 1910 ഓഗസ്റ്റുമാസത്തിലെ ഒരു കറുത്ത ദിവസം. അന്ന് ഒരു ചേരപ്പാമ്പ് എങ്ങനെയോ മറിയത്തിന്റെ ദേഹത്തു കയറി. അവൾ ഭയാക്രാന്തയായി നിലവിളിക്കുകയും അസാമാന്യമായ ധൈര്യത്തോടെ ആ ഇഴജന്തുവിനെ വലിച്ചെറിയുകയും ചെയ്തു. വിപദിധൈര്യം പ്രദർശിപ്പിച്ചെങ്കിലും മറിയം താമസിയാതെ ബോധമറ്റു വീണു. മൂന്നാം ദിവസം ഓഗസ്റ്റ് 19 ന് അവൾ മാസം തികയാതെ പ്രസവിക്കുകയും മൂന്നുമാസത്തിനുശേഷം മരണമടയുകയും ചെയ്തു. തങ്കക്കുടംപോലുള്ള കുഞ്ഞ്! യൗസേപ്പിന്റെയും മറിയത്തിന്റെയും മകൾ. ദാരുണമായ സാഹചര്യത്തിലാണവൾ ഭൂജാതയായത്. ഈ ദാരുണാവസ്ഥ പിന്നീടുള്ള മുപ്പത്തിയാറു കൊല്ലവും ഒരു കറുത്ത നിഴൽ പോലെ അവളെ പിന്തുടരുകയായിരുന്നു.'' (സ്നേഹബലി അഥവാ അൽഫോൻസാമ്മ, പേജ് 13).

ഈ അനാഥക്കുഞ്ഞിനെ പേരമ്മയായ മുട്ടുചിറ മുരിക്കൻ തറവാട്ടിലെ അന്നമ്മ കൊണ്ടുപോയി താലോലിച്ചുവളർത്തി. ബാല്യം പിന്നീട്ടു കൗമാരത്തിലെത്തിയ സുന്ദരിയായ അവൾക്കു വിവാഹാലോചനകൾ വന്നുകൊണ്ടിരുന്നു. വീട്ടുകാരുടെ, പ്രത്യേകിച്ച് പേരമ്മയുടെ ശാഠ്യം അവളെ വിവാഹം കഴിപ്പിക്കണമെന്നായിരുന്നു. പക്ഷേ, അൽഫോൻസാമ്മ സന്ന്യാസിനിയാകാൻ തീരുമാനിച്ചിരുന്നു. എന്നാൽ, പേരമ്മ അമ്പിനും വില്ലിനും അടുക്കുന്നില്ല. സംഘർഷപൂരിതമായ അവസ്ഥ. തന്റെ ആകാരസൗകുമാര്യമാണല്ലോ ഈ ചിന്തയ്ക്കു പിന്നിലെന്നു കരുതിയ അവൾ ഒരു അവിവേകം കാണിച്ചു. ദേഹത്ത് എന്തെങ്കിലും വൈരൂപ്യം സംഭവിച്ചാൽ തത്പരകക്ഷികൾ പിന്മാറുമല്ലോ എന്നു കരുതി. കൊയ്ത്തുകഴിഞ്ഞപ്പോൾ വന്ന പതിരെല്ലാം കൂട്ടി തീയിട്ട കുഴിയിൽ കാൽവച്ചു പൊള്ളിക്കാൻ തീരുമാനിച്ചു. പക്ഷേ, ആഴമുള്ള തീക്കുഴിയിലേക്ക് അവൾ വീണു. ദേഹമാസകലം പൊള്ളി. ഒരുവിധത്തിൽ കുഴിയിൽനിന്നു കയറി. ഇന്നത്തെ ഒരു സൗകര്യവുമില്ലാത്ത ആ കാലത്ത് നാട്ടുവൈദ്യന്റെ ചികിത്സയിൽ മാസങ്ങളോളം കഴിച്ചുകൂട്ടി. എല്ലാം പഴുത്തൊലിച്ച് ദുർഗന്ധം വമിക്കാൻ തുടങ്ങി. നൊമ്പരത്തിപ്പൂവ് സുഗന്ധവാഹിയല്ല, ദുർഗന്ധവാഹിനിയായി മാറി! പൊള്ളൽ ഒരുവിധം സുഖപ്പെട്ട്, പ്രതിബന്ധങ്ങളെയെല്ലാം തരണം ചെയ്ത് ഭരണങ്ങാനം മഠത്തിൽ ചേർന്നു.



മഠത്തിലെ ജീവിതം തുടക്കം മുതൽ ഒടുക്കംവരെ ക്ലേശപൂർണമായിരുന്നു. അത് അചിന്ത്യം അവർണനീയം എന്നേ പറയാനാവൂ. നിത്യരോഗിണിയായി മാറിയ അവളുടെ സഹനം അവൾക്കും ദൈവത്തിനുംമാത്രമേ അറിയൂ. ആത്മീയഗുരുവായ റോമുളൂസച്ചനോട് അവൾ എല്ലാം തുറന്നുപറഞ്ഞിട്ടുണ്ട്. അദ്ദേഹം അത് അൽഫോൻസാമ്മയുടെ ജീവിതകഥയിൽ സവിസ്തരം രേഖപ്പെടുത്തിയിട്ടുണ്ട്. ഭക്ഷണം കഴിക്കാത്ത ദിവസങ്ങൾ, ഉറങ്ങാനാവാത്ത ദിവസങ്ങൾ, അസഹനീയമായ വേദനകൾകൊണ്ടു പുളയുന്ന ദിവസങ്ങൾ... കൂടെയുള്ള സഹോദരിമാർക്കു നോക്കിനിൽക്കാൻപോലും കഴിയാത്തത്ര പരവേശവും ഛർദിയും മറ്റ സുഖങ്ങളും. വേദനയില്ലാത്ത ദിവസങ്ങൾ ആ ജീവിതത്തിലുണ്ടായിരുന്നില്ല എന്നു ചുരുക്കം. പക്ഷേ, ഈ വേദനയെല്ലാം സന്തോഷപൂർവം സഹിച്ചുകൊണ്ട് അവയെല്ലാം പുണ്യപുഷ്പങ്ങളാക്കി ദിവ്യമാതാവിനു സമർപ്പിച്ചു. മറ്റുള്ളവരുടെ വേദനകൾകൂടി ചോദിച്ചുവാങ്ങി സഹിക്കാൻപോലും അവൾ തയ്യാറായി. ആ നൊമ്പരത്തിപ്പൂവിന്റെ നൊമ്പരങ്ങൾ വിവരിക്കാൻ വാക്കുകൾ പോരാ. ആ നൊമ്പരത്തിപ്പൂവിന്റെ സുഗന്ധം തിരിച്ചറിഞ്ഞ തിരുസ്സഭ അവളെ പുണ്യവതിയായി പ്രഖ്യാപിച്ചു.

മരിച്ചടക്കിന് എട്ടോ പത്തോ പേരുണ്ടായിരുന്നിടത്ത് ഇന്ന് ആ കബറിടത്തിലേക്ക് ജനലക്ഷങ്ങളാണു വന്നുകൊണ്ടിരിക്കുന്നത്. ലോകത്തിന്റെ നാനാഭാഗത്തുനിന്നും ആളുകൾ ഒഴുകിയെത്തിക്കൊണ്ടിരിക്കുന്നു. നൊമ്പരത്തിപ്പൂവിന്റെയടുത്തു വന്നു പ്രാർഥിക്കുന്നവരാരും നൊമ്പരം തരണേ എന്നു പ്രാർഥിക്കാറില്ല; നൊമ്പരം മാറ്റണമേ എന്നാണവളോടു പ്രാർഥിക്കുന്നത്. അവരുടെ നൊമ്പരങ്ങൾ ഏറ്റുവാങ്ങി അവരെ അനുഗ്രഹിക്കുന്ന നൊമ്പരത്തിപ്പൂവ്!












# സ്നേഹത്തിന്റെ സുവിശേഷകാവ്യം



സി. ലിസറ്റ് എസ്. എച്ച്

"ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്ന് ആരു നമ്മെ വേർപെടുത്തും? ക്ലേശമോ ദുരിതമോ പീഡനമോ പട്ടിണിയോ നഗ്നതയോ ആപത്തോ വാളോ?" (റോമാ. 8:35). ഈ വചനത്തിന്റെ ഉൾപ്പൊരുൾ തിരിച്ചറിഞ്ഞ് ജീവിതത്തെ ഒരു 'സ്നേഹബലി'യാക്കി സമർപ്പിച്ച സുകൃതിനി. ക്രിസ്തുവിന്റെ സഹനവഴികളെക്കുറിച്ചു ധ്യാനിച്ച് കുരിശിന്റെ വഴിയേ നടന്ന് വിശുദ്ധിയുടെ പൊൻകിരീടമണിഞ്ഞ ഭാരതത്തിന്റെ പുണ്യപുഷ്പം-വി. അൽഫോൻസാമ്മ.

സഹനങ്ങളുടെ നെരിപ്പോടിൽ വെന്തുരുകിയപ്പോഴും സ്നേഹത്തിന്റെ സുവിശേഷം അക്ഷരാർഥത്തിൽ ജീവിച്ചവളാണ് അൽഫോൻസാമ്മ. വേദനകളുടെ ആധിക്യത്താൽ ഉറങ്ങാൻപോലും സാധിക്കാത്ത രാത്രികളെ ഉണർന്നിരുന്ന് സ്നേഹപ്രകരണം ചെയ്യുന്ന രാത്രികളാക്കി അൽഫോൻസാമ്മ മാറ്റി. ഒരിക്കൽ ചങ്ങനാശേരി മെത്രാൻ മാർ ജെയിംസ് കാളാശേരി അൽഫോൻസാമ്മയോടു ചോദിച്ചു: "നീ രാത്രിയിൽ ഉറക്കമില്ലാതെ എന്തു ചെയ്യുകയാണ്?" അൽഫോൻസാമ്മ പറഞ്ഞു: "ഞാൻ സ്നേഹിക്കുകയാണ്." അവളുടെ ഹൃദയത്തിൽ കത്തിജ്ജ്വലിച്ചിരുന്ന ദൈവസ്നേഹാഗ്നിയുടെ വെളിപ്പെടുത്തലായിരുന്നു അത്. ആത്മമണവാളനോടുള്ള സ്നേഹാതിരേകംമൂലം തന്റെ സഹനവഴികളെയെല്ലാം അൽഫോൻസാമ്മ മാധുര്യപൂർണമാക്കി മാറ്റി.

സഹനങ്ങളെ സന്തോഷപൂർവം സ്വാഗതം ചെയ്ത് പുണ്യവതി പറയുകയുണ്ടായി: "ഞാനിപ്പോൾ കുരിശിലാണു കിടക്കുന്നത്. കുരിശിൽ കിടന്നപ്പോൾ കർത്താവിനു കാലും കൈയും അനക്കാനോ തിരിഞ്ഞുകിടക്കാനോ കഴിഞ്ഞില്ലല്ലോ. കർത്താവു തരുന്ന കാസയിൽനിന്നു മട്ടോടെ വലിച്ചുകുടിക്കണം. ഇനിയും എത്രവേണമെങ്കിലും സഹിക്കാൻ ഞാനൊരുക്കമാണ്. കർത്താവല്ലേ എന്റെ കൂടെയുള്ളത്. കർത്താവിന്റെ കരുണയ്ക്കു ഞാനെന്തു ചെയ്താൽ മതിയാകും? ഒന്നുമാത്രമേ ആവശ്യമുള്ളൂ-സ്നേഹം. സ്നേഹമാണ് സർവോത്കൃഷ്ടം."

"സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഗോതമ്പുമണി നിലത്തുവീണ് അഴിയുന്നില്ലെങ്കിൽ അത് അതേപടി ഇരിക്കും. അഴിയുന്നെങ്കിലോ അതു വളരെ ഫലം പുറപ്പെടുവിക്കും" (വി. യോഹ. 12:24). ഈ തിരുവചനത്തെ സ്വന്തം ജീവിതംകൊണ്ടു വ്യാഖ്യാനിച്ചു അൽഫോൻസാമ്മ. "ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ പദ്ധതിയനുസരിച്ചു വിളിക്കപ്പെട്ടവർക്ക്, അവിടുന്നു സർവവും നന്മയ്ക്കായി പരിണമിപ്പിക്കുന്നു" (റോമ 8:28) എന്ന സത്യം ഹൃദയത്തിൽ സൂക്ഷിച്ച് ജീവിതക്ലേശങ്ങളെയെല്ലാം അൽഫോൻസാമ്മ സ്നേഹപൂർവം ആശ്ലേഷിച്ചു.



ദൈവത്തെയും മനുഷ്യരെയും നിഷ്കളങ്കതയോടെ സ്നേഹിച്ച അൽഫോൻസാമ്മയുടെ വാക്കുകൾ ഇപ്രകാരമായിരുന്നു: "എനിക്കുള്ളതു സ്നേഹപ്രകൃതമാണ്. എന്റെ ഹൃദയം മുഴുവനും സ്നേഹമാണെന്നു തോന്നുന്നു. ആരെയും വെറുക്കാൻ എനിക്കു സാധിക്കുകയില്ല." സഹനത്തെ ദൈവത്തിന്റെ സ്നേഹസമ്മാനമായി സ്വീകരിച്ച അൽഫോൻസാമ്മ സഹനം ലഭിക്കാത്ത ദിനങ്ങളിൽ 'കർത്താവ് എന്നെ മറന്നുപോയോ, അവിടുന്ന് എന്നെ സ്നേഹിക്കുന്നില്ലേ' എന്ന ശിശുസഹജമായ പരിഭവം പ്രകടിപ്പിച്ചിരുന്നു. സ്നേഹമുള്ളിടത്ത് സഹനം ഭാരമല്ല; മറിച്ച്, അതു ദൈവകൃപയുടെ ചാനലാണ് എന്ന് അൽഫോൻസാമ്മയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.

ദൈവസ്നേഹത്തിന്റെ കനകരശ്മികൾ ജീവിതത്തിൽ പ്രതിഫലിപ്പിച്ചുകൊണ്ട് എല്ലാ സുകൃതങ്ങളുടെയും വിളനിലമായി അൽഫോൻസാമ്മയുടെ ജീവിതം പ്രശോഭിച്ചു. ആ വിശുദ്ധസാക്ഷ്യം മലമേൽ പണിതീർത്ത പട്ടണംപോലെ, പീഠത്തിന്മേൽ ഉയർത്തിയ ദീപംപോലെ നമുക്കെന്നും പ്രചോദനവും ദിശാബോധവും നൽകട്ടെ.


## 2024 - 2025 ADMISSION STARTED



### PARAMEDICAL COURSES

**DEGREE COURSES** +2 passed students

- B.Sc. Medical Laboratory Technology (B.Sc. MLT)
- B.Sc. Radiography & Imaging Technology (B.Sc. RIT)
- B.Sc. Cardiovascular Technology (B.Sc. CVT)
- B.Sc. Anaesthesia Technology (B.Sc. AT)
- B.Sc. Operation Theatre Technology (B.Sc. OT)
- B.Sc. Dialysis Technology
- B.Sc. Neuro Science Technology
- B.Sc. CSSD

(UGC Approved University Programmes)

**POST GRADUATE COURSES**

- M.Sc. MLT
- M.Sc. Biochemistry
- M.Sc. Micro Biology
- MBA Hospital Administration

(UGC Approved University Programmes)

**DIPLOMA COURSES** SSLC passed students

- Diploma in Medical Laboratory Technology (DMLT)
- Diploma in Radiography & Imaging Tech. (DRIT)
- Diploma in Anaesthesia Technology (DAT)
- Diploma in Operation Theatre Technology (DOT)
- Diploma in Dialysis Technology
- Diploma in Cardio Vascular Technology (DCVT)
- Diploma in CSSD
- Diploma in Neuro Science Technology

(NCVRT Programmes)

**SHORT TERM COURSES**

- Care Taker
- General Duty Assistant
- Geriatric Nursing
- Nursing Assistant

എല്ലാ കോഴ്സുകളിലേക്കും അഡ്മിഷൻ തുടരുന്നു

N.B. • ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ഹോസ്റ്റൽ സൗകര്യം ലഭിക്കുന്നതാണ്. • കോളജിനോടനുബന്ധിച്ചുള്ള പ്ലേസ്മെന്റ് സെല്ലിൽനിന്നു പഠിച്ചു വിജയിച്ച് പ്രാക്ടിക്കലിനുശേഷം എല്ലാവർക്കും ജോലി ഏർപ്പെടുത്തി നല്കുന്നതാണ്. • 1972 മുതൽ പ്രവർത്തിക്കുന്ന കേരളത്തിലെ ഏറ്റവും പ്രമുഖ പാരാമെഡിക്കൽ പരിശീലന കോളജായ ഇവിടെനിന്നും പഠിച്ച് രണ്ടുവർഷത്തെ പ്രവൃത്തിപരിചയം നേടിയതിനുശേഷം താത്പര്യമുള്ളവർക്ക് വിദേശജോലി ലഭിക്കുന്നതിനായി വേണ്ടതായ മാർഗത്തിലൂടെ നിർദേശം നൽകുന്നതാണ്. • 2024–25 വിദ്യാഭ്യാസവർഷത്തിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർഥികൾ രക്ഷിതാക്കൾക്കൊപ്പം നേരിട്ടു കോളജിൽ വന്ന് 500 രൂപാ ഓഫീസിൽ അടച്ച് പ്രോസ്പെക്ടസും അപേക്ഷാഫാറവും വാങ്ങി എത്രയുംവേഗം പൂരിപ്പിച്ചു നൽകേണ്ടതാണ്.

BHARAT GROUP OF INSTITUTIONS Since 1970

**BHARAT**

EDUCATIONAL TRUST & COLLEGE OF ALLIED HEALTH SCIENCE

ANDOOR, PALA, KOTTAYAM (PALA - VAIKOM ROUTE)

Phone: 9447507858, 04822-250310, 8921712807



നോവൽ 6

# കിഴക്കൻകാറ്റ്

ഇഗ്നേഷ്യസ് കലയന്താനി

*കഥാസാരം*

ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ പരസ്പരം സ്നേഹിച്ചും സഹകരിച്ചും കഴിഞ്ഞ അയൽക്കാരായിരുന്നു സൂസമ്മയും സിസിലിയും. ഇരുപതുവർഷംമുമ്പ് സിസിലിയുടെ കുടുംബം വീടുവിറ്റ് ഹൈറേഞ്ചിലേക്കു പോയി. പിന്നീട് അവർ തമ്മിൽ ബന്ധമൊന്നുമുണ്ടായിരുന്നില്ല. സൂസമ്മയുടെ മകൻ ജയേഷിന്റെ കല്യാണത്തിനു ക്ഷണിക്കാൻ സൂസമ്മയും ജയേഷും കാറിൽ ഹൈറേഞ്ചിലേക്കു പോയി. കുറുക്കൻകുന്ന് എന്ന ഗ്രാമത്തിലാണവർ താമസിക്കുന്നതെന്നു മനസ്സിലാക്കി അവിടെച്ചെന്നു. സിസിലിയുടെ ഭർത്താവ് തോമസിനെ എട്ടുവർഷം മുമ്പ് ആന ചവിട്ടിക്കൊന്നു എന്ന സത്യം അവിടെച്ചെന്നപ്പോൾ മാത്രമാണ് സൂസമ്മ അറിഞ്ഞത്. പിന്നീട് സിസിലിയും ജീവിതം ദുരിതപൂർണമായിരുന്നു. സിസിലിയുടെ മകൾ എൽസയുടെ സംസാരവും പെരുമാറ്റവും ജയേഷിനു നന്നേ ഇഷ്ടമായി. ഒരു വണ്ടിയപകടത്തിൽ പരിക്കേറ്റ് കാലിനു സ്വാധീനക്കുറവ് വന്നതിനാൽ മുടന്തിയാണ് എൽസ നടന്നിരുന്നത്. അതുകൊണ്ട് അവൾക്ക് വിവാഹമൊന്നും ഒത്തുവന്നില്ല. സർജറി നടത്തി മുടന്തുമാറ്റാൻ ഒരുപാട് പണം വേണ്ടിയിരുന്നതിനാൽ സിസിലി അതിനു തുനിഞ്ഞില്ല. ജയേഷിന്റെ കല്യാണം നടന്നു. ഭാര്യ വർഷ മോഡേൺ ചിന്താഗതിക്കാരിയാണ്. ഇടയ്ക്കിടെ അവൾ മദ്യപിക്കാറുണ്ടെന്നു മനസ്സിലാക്കിയ ജയേഷ് അസ്വസ്ഥനായി. വർഷയുടെ പപ്പയും അമ്മയും അവളുടെ മദ്യപാനത്തെ അനുകൂലിച്ചു.

*(തുടർന്നു വായിക്കുക)*

**ജ**യേഷ് കണ്ണുതുറന്ന് ആദ്യം നോക്കിയത് ക്ലോക്കിലേക്കാണ്. മണി പതിനൊന്ന്. മുഖംതിരിച്ച് അവൻ വർഷയെ നോക്കി. അഴിച്ചിട്ട മുടിയും ചുവന്ന കണ്ണുകളുമായി കാലുകൾ നിലത്തുറയ്ക്കാതെ കട്ടിലിന്റെ ക്രാസിയിൽ കൈപിടിച്ച് അവൾ നിൽക്കുകയാണ്. നില്പുകണ്ടപ്പോൾ മനസ്സിലായി, മദ്യത്തിന്റെ കെട്ട് ഇനിയും വിട്ടിട്ടില്ലെന്ന്. ജയേഷ് കട്ടിലിൽ എണീറ്റിരുന്നു. അടുത്തിരുന്ന് അവന്റെ തോളിൽ കൈയിട്ടുകൊണ്ട് വർഷ പറഞ്ഞു:

"ജയേഷിനെ അവിടെല്ലാരും അന്വേഷിച്ചു." അവളുടെ വാക്കുകൾ കുഴഞ്ഞിരുന്നു. വർഷ തുടർന്നു:

"മോശായിപ്പോയി നേരത്തേ പോന്നത്. താമസിച്ചു വന്നവര് ജയേഷിനെ തിരക്കി. കല്യാണത്തിനു വരാൻ പറ്റാതിരുന്നവരാ. ജയേഷ് പോയി കിടന്നൂന്നു പറഞ്ഞപ്പം പപ്പയ്ക്കും ദേഷ്യംവന്നു. തലവേദനയായതുകൊണ്ടാ പോയതെന്നു പറഞ്ഞ് ഞാൻ ആ പ്രശ്നം സോൾവു ചെയ്തു."

"ഇപ്പഴാണോ എല്ലാം കഴിഞ്ഞേ?"

"കഴിഞ്ഞിട്ടില്ല. ടെറസിൽ പാട്ടും ഡാൻസുമൊക്കെ ഇപ്പഴുമുണ്ട്. ജയേഷിവിടെ തന്നെയല്ലേയുള്ളൂന്നോർത്ത് ഞാൻ വേഗം പോന്നതാ."

"നല്ല ഫിറ്റാണല്ലോ?"

"ഏയ്... മൂന്നു പെഗ്ഗേ കഴിച്ചുള്ളൂ. അമ്മ നാലു പെഗ് അടിച്ചു. മത്സരമായിരുന്നു. ഞാൻ തോറ്റു പോയി.

"അതേതായാലും നന്നായി."

"തോറ്റുപോയതോ?"

"ഉം. അമ്മ പഠിപ്പിച്ചതല്ലേ. ആ സ്ഥിതിക്ക് അമ്മ തോൽക്കാൻ പാടില്ലല്ലോ."


"ബോറടിച്ചോ?"

"ഏയ് ഇല്ല. ഡ്രസ് മാറീട്ട് വന്നു കിടക്ക്." ജയേഷിന്റെ ഉള്ളിൽ ദേഷ്യം നുരഞ്ഞുപൊന്തുകയായിരുന്നു. അവൻ കിടക്കയിലേക്കു ചാഞ്ഞു.

എണീറ്റ് വേച്ചുവേച്ചുപോയി വേഷം മാറി നൈറ്റ് ഡ്രസ് എടുത്തു ധരിച്ചിട്ട് വർഷ വന്നു ജയേഷിനോടൊപ്പം കിടന്നു. എന്നിട്ട് ലൈറ്റ് ഓഫ് ചെയ്തു. മദ്യത്തിന്റെ രൂക്ഷഗന്ധം അനുഭവപ്പെട്ടപ്പോൾ വല്ലാത്തൊരു അസ്വസ്ഥത തോന്നി ജയേഷിന്.

വർഷ കൈകൾ ചുറ്റി ഭർത്താവിനെ തന്നിലേക്കു ചേർത്തുപിടിച്ചു. ജയേഷിന്റെ എല്ലാ ആവേശവും ഉന്മേഷവും പമ്പ കടന്നിരുന്നു. പാവ കണക്കെ കിടന്നതേയുള്ളൂ അവൻ.

ജയേഷ് അതിരാവിലെ



എണീറ്റു കുളിച്ചു. വർഷ ഇനിയും എണീറ്റിട്ടില്ല. കുളി കഴിഞ്ഞു വന്ന് ജയേഷ് ഭാര്യയെ തട്ടിയുണർത്തി. അവൾ എണീറ്റ് ക്ലോക്കിലേക്കു നോക്കി. മണി ഏഴര.

"എണീറ്റുപോയി കുളിക്ക്. ഇന്നലത്തെ കെട്ടു വിടട്ടെ. എന്നിട്ട് ബ്രേക്ക് ഫാസ്റ്റ് കഴിച്ചിട്ടു നമുക്കുടനെ പോകണം."

"ഉച്ചകഴിഞ്ഞു പോയാപ്പോരേ?"

എണീറ്റ് മുടി ഒതുക്കിക്കൊണ്ട് അവൾ ചോദിച്ചു.

"പോരാ."

ജയേഷ് ഗൗരവത്തിലായിരുന്നു.

"രാവിലെ ദേഷ്യത്തിലാണല്ലോ!"

"എന്താന്നു നിനക്കറിയാല്ലോ." ഒന്നു നിറുത്തിയിട്ട് ജയേഷ് തുടർന്നു:

"കല്യാണത്തിനു മുമ്പുള്ള നിന്റെ ജീവിതം എങ്ങനെയായിരുന്നെന്നൊന്നും ഞാൻ തിരക്കുന്നില്ലാന്ന് ഇന്നലെ പറഞ്ഞായിരുന്നു. അതറിയണമെന്ന് ഇനിയും എനിക്കാഗ്രഹമില്ല. പക്ഷേ, ഇനിയുള്ള ജീവിതത്തിൽ എന്റെ ഇഷ്ടംകൂടി നോക്കണം. എങ്കിലേ നമ്മുടെ കുടുംബജീവിതം സന്തോഷമായിട്ടു പോകൂ."

"ഇന്നലെ ഞാനിത്തിരി കഴിച്ചതാണോ പ്രശ്നമായത്?"

"അതൊരു പ്രശ്നമല്ലേ? രസത്തിനുവേണ്ടി നമ്മൾ ഓരോന്നു തുടങ്ങും. പിന്നീടതു ശീലമാകും. പിന്നെയതു മാറ്റാൻ പറ്റിയെന്നു വരില്ല."

"എനിക്കങ്ങനെ തോന്നീട്ടില്ല."

വർഷ ജയേഷിനെത്തന്നെ തുറിച്ചുനോക്കി ഇരിക്കയായിരുന്നു.

"നീയൊരു പെണ്ണാണെന്ന് ഓർമ വേണം. ഒരു കുഞ്ഞിനു ജന്മം നൽകേണ്ടവളാ. മദ്യം ശരീരത്തിനു ദോഷമല്ലാതെ ഗുണമൊന്നും ചെയ്യില്ലാന്നു നിനക്കറിയാല്ലോ..."

"വല്ലപ്പഴുമല്ലേയുള്ളൂ. അതിത്ര സീരിയസാക്കണോ? എന്റെ പപ്പയ്ക്കും അമ്മയ്ക്കുമില്ലാത്ത വെഷമം ജയേഷിനെന്തിനാ?"

"ഞാൻ നിന്റെ ഹസ്ബന്റായതുകൊണ്ടുതന്നെ. ഇനിയുള്ള കാലം നീ എന്റെകൂടെയാ ജീവിക്കേണ്ടത് എന്നോർമ വേണം."

"ജയേഷ് ഒരമ്പതുവർഷംമുമ്പേ ജനിക്കേണ്ട ആളായിരുന്നു."

നീരസത്തോടെ അങ്ങനെ പറഞ്ഞിട്ട് വർഷ എണീറ്റ് ചവിട്ടിത്തുള്ളി ബാത്റൂമിലേക്കു പോയി. ജയേഷ് തെല്ലുനേരം ചിന്താമൂകനായി കസേരയിലിരുന്നു.

കുളി കഴിഞ്ഞു വന്നിട്ട് വർഷ ഒന്നും മിണ്ടിയില്ല. മുടി ഉണക്കിക്കൊണ്ടിരിക്കുമ്പോൾ താഴെ നിന്ന് വിളി വന്നു. ബ്രേക്ക് ഫാസ്റ്റ് റെഡിയായി, താഴേക്കു ചെല്ലാൻ.

ജയേഷിനെ വിളിച്ചിട്ട് അവൾ മുമ്പേ നടന്നു. പിന്നാലെ പടികളിറങ്ങി ജയേഷും ഡൈനിങ് റൂമിലേക്കു ചെന്നു.

ബ്രേക്ക് ഫാസ്റ്റ് കഴിച്ചുകൊണ്ടിരിക്കുമ്പോൾ വർഷയുടെ പപ്പ അലക്സ് പറഞ്ഞു:

"ജയേഷ് കുറച്ചുകൂടിയൊക്കെ മോഡേൺ ആവണം കേട്ടോ. വർഷയുടെ ലെവലിലേക്കൊക്കെ ഒന്നുയരാൻ നോക്കണം. ഒന്നുമല്ലെങ്കിലും ഒരാണല്ലേ."

കരണത്ത് ഒരടികിട്ടിയതുപോലെ തോന്നി ജയേഷിന്. നുരഞ്ഞുപൊന്തിയ ദേഷ്യം അവൻ കടിച്ചമർത്തി. വേഗം ബ്രേക്ക് ഫാസ്റ്റ് കഴിച്ചിട്ട് എണീറ്റ് കൈകഴുകി മുറിയിലേക്കു പോയി. പതിനഞ്ചുമിനിറ്റ് കഴിഞ്ഞാണ് വർഷ മുറിയിലെത്തിയത്. അപ്പോഴേക്കും വേഷം മാറി പോകാൻ റെഡിയായി നിൽക്കുകയായിരുന്നു ജയേഷ്.

"ആഹാ... ഇത്ര പെട്ടെന്നു റെഡിയായോ? ഊണുകഴിഞ്ഞു പോയാമതീന്നു പപ്പ പറഞ്ഞു."

"നീ ഊണുകഴിഞ്ഞു വന്നാ മതി. ഞാൻ പോകുവാ."

"പിണങ്ങിയോ?"

"വേഗം ഡ്രസ് മാറ്. ഉടനെ പോണം."

എതിർത്തൊന്നും പറയാതെ വർഷ ഡ്രസ് മാറാൻ പോയി. വേഷം മാറി രണ്ടുപേരും താഴേക്കിറങ്ങി ച്ചെല്ലുമ്പോൾ അലക്സ് പത്രം വായിച്ചുകൊണ്ട് സ്വീകരണമുറിയിലിരിപ്പുണ്ടായിരുന്നു. ജയേഷിനെ രൂക്ഷമയി നോക്കിയിട്ട് അലക്സ് ചോദിച്ചു:

"ഊണു കഴിഞ്ഞു പോയാപ്പോരേ?"

"പറ്റില്ല പപ്പാ. ചെന്നിട്ട് കുറച്ചു ജോലിയുണ്ട്."

"നിർബന്ധമാണേൽ പോ. പിടിച്ചുകെട്ടിയിടാനൊന്നും എനിക്കു പറ്റില്ലല്ലോ."

പരുഷമായ ആ സംസാരം കേട്ടപ്പോൾ പിന്നെ ഒരു നിമിഷം പോലും അവിടെ നിൽക്കാൻ തോന്നിയില്ല ജയേഷിന്. തന്റെ കുടുംബാന്തരീക്ഷവും ഇവിടുത്തെ അന്തരീക്ഷവും തമ്മിൽ എന്തുമാത്രം അന്തരം എന്ന് ഓർത്തു.

യാത്ര പറഞ്ഞ് വേഗം ഇറങ്ങി കാറിൽ കയറി. പിന്നാലെ വർഷയും. കാർ ഓടിക്കൊണ്ടിരിക്കുമ്പോൾ മൗനത്തിലായിരുന്നു ജയേഷ്. വർഷയും മിണ്ടിയില്ല. അവളും വാശിയിലായിരുന്നു. ജയേഷ് ചിന്തിച്ചു. കുടുംബജീവിതം തുടങ്ങിയതേയുള്ളൂ. തുടക്കത്തിലേ ഒരു പിണക്കം വേണോ? വാശിപിടിച്ചിരുന്നാൽ തകരുന്നത് തന്റെ ജീവിതമാണ്. താൻ തോറ്റുകൊടുത്തേക്കാം. അതാണു നല്ലത്.

"വർഷേ, നമ്മുടെ ഫാമിലി ലൈഫ് തുടങ്ങിയിട്ടേയുള്ളൂ. തുടക്കത്തിലേ ഒരു കല്ലുകടി വേണ്ട. ഞാൻ തോറ്റുതന്നേക്കാം. വീട്ടിൽ ചെല്ലുമ്പം അമ്മയോടു ദേഷ്യമൊന്നും കാണിക്കരുത്. അമ്മ ഒരു പാവമാ. സ്നേഹിക്കാൻമാത്രമേ അമ്മയ്ക്കറിയൂ."

"ഞാനല്ലല്ലോ പിണങ്ങീത്? ജയേഷിന് ജയേഷിന്റെ അമ്മേം പപ്പേം ഇഷ്ടമുള്ളതുപോലെ തന്നെ എനിക്ക് എന്റെ അമ്മേം പപ്പേം ഇഷ്ടമാ. ഊണുകഴിഞ്ഞു പോയാ മതീന്നു പപ്പ പറഞ്ഞിട്ട് ചവിട്ടിത്തുള്ളി ഇറങ്ങിപ്പോന്നില്ലേ? ഇതുപോലെ ഞാൻ ജയേഷിന്റെ അമ്മയോടു പെരുമാറിയിരുന്നെങ്കിലോ?"

"ക്ഷമിക്ക്. ഇന്നലെ ആ മദ്യം കഴിച്ചതോടുകൂടി ഞാനാകെ അസ്വസ്ഥനായിരുന്നു. അതൊരു കല്ലുപോലെ മനസ്സിലിപ്പഴും കെടക്കുവാ. അതെന്റെ മനസ്സിന്റെ കുഴപ്പം കൊണ്ടാകും. നിന്റെ പപ്പ പറഞ്ഞതുപോലെ ഞാൻ നിന്റെ ലെവലിലേക്ക് ഉയരണമായിരുന്നു. സാധിച്ചില്ല. ക്ഷമിക്ക്. നമുക്ക് സന്തോഷമായിട്ടു മുന്നോട്ടുപോകാം. ഇനി എത്രയോ വർഷങ്ങളുണ്ട് നമ്മുടെ മുമ്പിൽ. ഇന്നലെ നടന്നതെല്ലാം ഞാൻ മറന്നിരിക്കുന്നു. ഞാൻ പറഞ്ഞതെല്ലാം നീയും മറക്കണം."

"ഇപ്പഴാ ജയേഷ് ഒരു നല്ല ഹസ്ബന്റായത്. ഞാൻ അമ്മയോടു നീരസമൊന്നും കാണിക്കില്ല. സന്തോഷായിരിട്ടിരിക്ക്."

ജയേഷിന്റെ മനസ്സിൽ ഒരു തണുപ്പുവീണു. ദാമ്പത്യജീവിതം സന്തോഷപ്രദമാകണമെങ്കിൽ ഒരുപാട് വിട്ടുവീഴ്ചകൾ ചെയ്യണമെന്ന് ജയേഷ് മനസ്സിലാക്കി. നാം ആഗ്രഹിക്കുന്നതെല്ലാം കിട്ടിക്കൊള്ളണമെന്നില്ല. കിട്ടുന്നതുകൊണ്ടു തൃപ്തിപ്പെടുക.

ജയേഷ് ഒന്നു നെടുവീർപ്പിട്ടു. പിന്നീട് അവർ ചിരിച്ചും തമാശ പറഞ്ഞുമാണ് യാത്ര തുടർന്നത്.

വീട്ടിലെത്തിച്ചപ്പോൾ മണി പതിനൊന്ന്. എന്തേ നേരത്തേ പോന്നതെന്ന് സൂസമ്മ ചോദിച്ചെങ്കിലും വ്യക്തമായി ഒരു മറുപടി പറഞ്ഞില്ല ജയേഷ്. തലേ രാത്രിയിലെ ആഘോഷത്തെപ്പറ്റിയോ മദ്യസൽക്കാരത്തെപ്പറ്റിയോ സൂചിപ്പിച്ചതുമില്ല.

"വൈകിട്ട് നമുക്കൊരു സിനിമയ്ക്കു പോകണം. പപ്പ നേരത്തെ വരാമെന്നു പറഞ്ഞിട്ടുണ്ട്." സൂസമ്മ പറഞ്ഞു.

"ഇതു ഞാനങ്ങോട്ടു പറയാനിരിക്കയായിരുന്നു."

വർഷയ്ക്കു സന്തോഷം.

*ശേഷം 13-ാം പേജിൽ*




ഓഗസ്റ്റ് 4
കൈത്താക്കാലം
അഞ്ചാം ഞായർ

ലേവ്യ 16:20–28
ഏശ 14:1–15
യൂദാ 1:8–13
ലൂക്കാ 11:14–26



ഫാ. ഡോ. തോമസ്
വടക്കേൽ

# എന്നോടുകൂടെയല്ലാത്തവൻ എനിക്ക് എതിരാണ്

**കൈ**ത്താക്കാലം സത്ഫലങ്ങൾ പുറപ്പെടുവിക്കേണ്ട കാലഘട്ടമാണ്. അഞ്ചാം ഞായറിലെ എല്ലാ വായനകളും പങ്കുവയ്ക്കുന്നത്, ഫലം പുറപ്പെടുവിക്കാതെ തിന്മയുടെ സാഹചര്യത്തിൽ ജീവിക്കുമ്പോഴുള്ള അനന്തരഫലങ്ങളും അവയ്ക്കുള്ള പരിഹാരങ്ങളുമാണ്. നല്ല ഫലങ്ങൾ പുറപ്പെടുവിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുള്ള ഒരു പ്രബോധനവും; ഒപ്പം, ഒരു മുന്നറിയിപ്പും, നന്മയിലേക്കുള്ള ഒരു ആഹ്വാനവും ഇവിടെ നാം കണ്ടുമുട്ടുന്നു.

ഒന്നാം വായനയിൽ (ലേവ്യ. 16:20–28), തിന്മയുടെ 'ഫലരഹിതമായ' വഴികളിലൂടെ സഞ്ചരിച്ച ഇസ്രയേൽജനത്തിന്റെ പാപങ്ങൾക്കുള്ള പരിഹാരമാർഗങ്ങളെക്കുറിച്ചും; രണ്ടാം വായനയിൽ (ഏശ. 14: 1–15), ദൈവത്തിന്റെ സ്ഥാനത്തു സ്വയം പ്രതിഷ്ഠിച്ച്, ദൈവത്തിനെതിരേ പ്രവർത്തിക്കുന്ന തിന്മയുടെ ഇടങ്ങളിലെ അപചയത്തെക്കുറിച്ചും പതനത്തെക്കുറിച്ചും; മൂന്നാം വായനയിൽ (യൂദാ 1:8–13), പൈശാചികതയുടെ കുടിലതന്ത്രങ്ങളെ തിരിച്ചറിയണമെന്നും അവയ്ക്കെതിരേ ജാഗ്രത പുലർത്തണമെന്നുമുള്ള ആഹ്വാനത്തെക്കുറിച്ചും; നാലാം വായനയിൽ (ലൂക്കാ.11:14–16), പൈശാചികത കുടികൊള്ളുന്ന, പരസ്പരം പോരടിക്കുന്ന ഭവനങ്ങൾ രക്ഷപ്പെടാനാവാത്തവിധം തകർന്നുപോകുമെന്നുള്ള ഈശോയുടെ മുന്നറിയിപ്പിനെക്കുറിച്ചും നാം ധ്യാനിക്കുന്നു. തിന്മയുടെമേൽ വിജയം വരിക്കണമെന്ന സന്ദേശമാണ് വായനകളുടെയെല്ലാം പൊതുപ്രമേയം.

**ലേവ്യർ 16:20–28:** ലേവ്യരുടെ പുസ്തകത്തിന്റെ 16–ാം അധ്യായത്തിന്റെ ആദ്യഭാഗത്ത് പുരോഹിതന്മാർക്കുവേണ്ടിയുള്ള ബലിയർപ്പണത്തെക്കുറിച്ചാണു പ്രതിപാദിക്കുന്നത് (16:1–6;11–14). തുടർന്ന്, രണ്ടാം ഭാഗത്ത് ജനത്തിനുവേണ്ടിയുള്ള പാപപരിഹാരബലിയെക്കുറിച്ചാണു പരാമർശിക്കുന്നത് (16:15–19). മൂന്നാം ഭാഗത്ത് ബലിയർപ്പണശേഷം ആടിന്റെ തലയിൽ പ്രധാനപുരോഹിതൻ തന്റെ കൈകൾവച്ച് ജനത്തിന്റെ സകലപാപങ്ങളും ഏറ്റുപറയുന്നതും, തുടർന്ന്, ദഹനബലി അർപ്പിക്കുന്നതുമാണ് പ്രതിപാദ്യവിഷയം. ഈ മൂന്നാം ഭാഗത്തെക്കുറിച്ചാണ് വചനവായനയിൽ നാം ശ്രവിച്ചത്.

'പാപപരിഹാരദിന'ത്തിലാണ് പുരോഹിതന്മാർക്കും ജനങ്ങൾക്കുംവേണ്ടിയുള്ള പരിഹാരക്രിയകൾ ചെയ്യുന്നത്. യഹൂദരുടെ ഏറ്റവും പ്രധാന തിരുനാളുകളിലൊന്നാണിത്. ഹീബ്രുഭാഷയിൽ ഈ തിരുനാളിനെ വിളിക്കുന്നത് 'യോംകിപ്പുറിം' എന്നാണ് (ലേവ്യ. 23:27). 'യോം' എന്ന പദത്തിന്റെ അർഥം 'ദിവസം' എന്നാണ്. 'കിപ്പെർ' എന്ന ക്രിയാപദത്തിന്റെ അർഥം 'മായ്ക്കുക, മറയ്ക്കുക' എന്നൊക്കെയാണ്. പാപങ്ങളെല്ലാം മായ്ക്കപ്പെടുന്ന അനുരഞ്ജനത്തിന്റെ ദിവസമാണിത്. ഒന്നാകലിന്റെ, ഒരുമയുടെ, രമ്യതയുടെ ദിനം. ഈ ദിനത്തെ 'മഹാദിനം' എന്നാണ് യഹൂദറബിമാർ വിളിച്ചിരുന്നത്.

ശുദ്ധീകരണത്തിനുവേണ്ടിയുള്ള വിവിധ കർമങ്ങളിലൊന്നാണ് പരിഹാരബലി അർപ്പിച്ചതിനുശേഷം തിന്മയുടെ മൂർത്തീഭാവമായ അസസേലിനായി മാറ്റിവച്ചിരിക്കുന്ന ആടിന്റെ തലയിൽ പ്രധാനപുരോഹിതൻ അദ്ദേഹത്തിന്റെ കരങ്ങൾ വയ്ക്കുന്നതും ജനത്തിന്റെ പാപങ്ങളെല്ലാം ഏറ്റുപറയുന്നതും. ഇത് ഒരു പ്രതീകാത്മകകർമമാണ്. ജനത്തിന്റെ ഏറ്റുപറയപ്പെട്ട പാപങ്ങളെല്ലാം ആടിന്റെമേൽ ചുമത്തുകയാണ്. അതുവഴി ജനത്തിന്റെ പാപങ്ങൾ നീക്കപ്പെടും, മായ്ക്കപ്പെടും, അവർ ശുദ്ധീകരിക്കപ്പെടും എന്നതാണ് വിശ്വാസം.

ആടിനെ മരുഭൂമിയിലേക്കു വിട്ടശേഷം പ്രധാനപുരോഹിതൻ അനുതാപവസ്ത്രങ്ങൾ അഴിച്ചുമാറ്റി സ്വയം കഴുകി വെടിപ്പാക്കി വിശിഷ്ടവസ്ത്രങ്ങൾ ധരിച്ച് ദഹനബലി നടത്തുന്നു. ഈ കർമങ്ങളുടെയെല്ലാം ലക്ഷ്യം നഷ്ടപ്പെട്ടുപോയ ദൈവമനുഷ്യബന്ധം പുനഃസ്ഥാപിക്കുകയാണ്, വ്യക്തികളുടെയും സമൂഹത്തിന്റെയുംമേൽ പതിച്ച അശുദ്ധി തുടച്ചുനീക്കുകയാണ്.

**ഏശയ്യാ 14:1–15:** ഈ വചനഭാഗത്തിന്റെ ആദ്യവാക്യങ്ങൾ ഇസ്രയേലിനെ അഭിസംബോധന ചെയ്യുന്നതാണ് (14:1–3). തുടർന്നുവരുന്നത് ബാബിലോൺരാജാവിനെതിരേയുള്ള ഒരു പരിഹാസകാവ്യമാണ് (14:3–33). ദൈവത്തിന്റെ സ്ഥാനത്ത് തങ്ങളെത്തന്നെ പ്രതിഷ്ഠിക്കുകയും ഔദ്ധത്യത്തോടെ പ്രവർത്തിക്കുകയും ചെയ്യുന്നവർക്കു ജീവിതത്തിൽ പരാജയമായിരിക്കുമെന്ന് ഈ വചനഭാഗങ്ങൾ നമ്മെ ഓർമിപ്പിക്കുന്നു.

ഇസ്രയേൽജനത്തിന്റെമേൽ കരുണയുള്ളവനാണ് ദൈവമെന്നും, അവിടുന്ന് വീണ്ടും അവരെ തിരഞ്ഞെടുത്ത് സ്വന്തം ദേശത്തു സ്ഥാപിക്കുമെന്നും, തങ്ങളെ അടിമപ്പെടുത്തിയവരുടെമേൽ അവർ ആധിപത്യം സ്ഥാപിക്കുമെന്നും ഏശയ്യാപ്രവാചകൻ പറഞ്ഞുവയ്ക്കുകയാണിവിടെ (14:1–3). ദൈവഹിതത്തിനനുസരിച്ചു ജീവിക്കുന്ന മക്കളോട് ദൈവത്തിനുള്ള ഭാവം കരുണയുടേതാണ്. ഹീബ്രുവിലെ 'റെഹം' (racham) എന്ന പദത്തിന്റെ അർഥം compassion എന്നാണ്. ജനത്തോടുള്ള ദൈവത്തിന്റെ അനുകമ്പ, 'നന്മ ചെയ്യുന്നവർക്കു തുണയായി ദൈവമുണ്ടാകുമെന്ന' സൂചനയാണ്. നന്മ ചെയ്തവരെ ദൈവം തന്റെ കരുണയിലും സ്നേഹത്തിലും രക്ഷിക്കും. ശത്രുക്കളിൽനിന്നും ദൈവം അവരെ രക്ഷിക്കും.

പരിഹാസകാവ്യത്തിൽ ബാബിലോണിന്റെ പതനത്തെക്കുറിച്ചാണു പരാമർശിക്കുന്നത്. ബി സി 539 ൽ ബാബിലോൺ പരാജയപ്പെട്ടതിനുശേഷമുള്ള അവരുടെ പതനത്തിന്റെ അവസ്ഥയാണ് ഈ കാവ്യത്തിൽ നാം കാണുന്നത്. ബാബിലോണിന്റെ ഈ തകർച്ചയിൽ പ്രകൃതിപോലും സന്തോഷിക്കുന്നുവെന്ന് ഈ ഗീതം വ്യക്തമാക്കുന്നുണ്ട്. ലബനോനിലെ മരങ്ങൾപോലും വെട്ടിയിറക്കിക്കൊണ്ടുപോയ ബാബിലോൺ, ഇപ്പോൾ അധഃപതിച്ചിരിക്കുന്നതിനാൽ ഇനി അവർ തങ്ങളെ വെട്ടിനശിപ്പിക്കാൻ വരില്ലല്ലോ എന്നോർത്താണ് പ്രകൃതി ആഹ്ലാദിക്കുന്നത്. തിന്മ ചെയ്യുന്നവന്റെ തകർച്ച പ്രകൃതിപോലും ആഗ്രഹിക്കുന്ന ഒന്നാണ് എന്നു വ്യക്തം.

ദുഷ്ടതയുടെ വഴിയിലൂടെ ചരിക്കുന്ന ബാബിലോണിനു ലഭിക്കുന്നത് 'ഷെയോൾ' (sheol) ആണ്. മൃതരായവർ വസിക്കുന്ന ഇടമാണ് 'ഷെയോൾ.' അവർക്കു ജീവനില്ല. ഭൂമിയിൽ പ്രതാപത്തോടെ കഴിഞ്ഞിരുന്ന അവർക്കു തങ്ങളുടെ തിന്മയുടെ ഫലമായി ലഭിക്കുന്നതു പാതാളമാണ്. കീടങ്ങളാണ് അവന്റെ കിടക്ക. പുഴുക്കളാണ് അവന്റെ പുതപ്പ് (14:11). ദുഷ്ടത പ്രവർത്തിക്കുന്നവന്റെ ജീവിതത്തിന്റെ ജീർണതയാണ് ഈ വാക്കുകളിൽ സ്ഫുരിക്കുന്നത്. തിന്മ പ്രവർത്തിക്കുന്നവൻ അഴുകിനശിക്കുമെന്നു സാരം.


**യൂദാ: 1:8–13:** ക്രിസ്തീയവിശ്വാസികളെ വഴിതെറ്റിക്കുകയും ക്രിസ്തീയവിശ്വാസത്തെ ദുഷിപ്പിക്കുകയും ചെയ്തിരുന്ന അബദ്ധപ്രബോധകർ തങ്ങളുടെ പുതിയ ചില പഠിപ്പിക്കലിലൂടെ 'ദുഷ്ടത' പ്രവർത്തിച്ചിരുന്നു. സകലവിധ അധാർമികതയിലും മുഴുകിയിരുന്ന, ദൈവത്തെയും ഈശോമിശിഹായെയും നിന്ദിക്കുകയും നിഷേധിക്കുകയും ചെയ്തിരുന്ന ദുഷ്ടമനുഷ്യരുടെ വിനാശകരമായ പ്രവണതകൾക്കെതിരേ പ്രതികരിക്കുകയും വിശ്വാസികളെ ക്രിസ്തീയധാർമികതയിലും സത്യവിശ്വാസത്തിലും ബലപ്പെടുത്തുകയുമാണ് യൂദാസ് എന്ന വിശുദ്ധഗ്രന്ഥകാരൻ. ദുഷ്ടത പ്രവർത്തിക്കുന്നവർക്ക് 'ദുരിതം' എന്നാണു ലേഖകൻ പഠിപ്പിക്കുന്നത്.

വ്യാജപ്രബോധകരുടെ മൂന്നു തെറ്റുകളെ ഇവിടെ വ്യക്തമായി അവതരിപ്പിക്കുന്നുണ്ട്. 1) ലൈംഗിക അധാർമികത–സോദോമിന്റെ പാപംപോലെ ശരീരത്തെ അശുദ്ധമാക്കുന്നവരാണിവർ; 2) മിശിഹായെ തള്ളിപ്പറയുന്നു–അധികാരത്തെ തള്ളിപ്പറയുകയും മഹിമയണിഞ്ഞവരെ നിന്ദിക്കുകയും ചെയ്യുന്നവരാണിവർ; 3) മിഥ്യാസ്വപ്നങ്ങളിൽ മുഴുകിയിരിക്കുന്ന ഇക്കൂട്ടർ തങ്ങൾ ശ്രേഷ്ഠരാണെന്നു കരുതി ഇടപെടുന്നു (1:8). അഹന്തയുടെ മനുഷ്യരാണിവർ.

ഇത്തരം ജീവിതശൈലി പുലർത്തുന്നവരെ ഗ്രന്ഥകാരനായ യൂദാസ് വിളിക്കുന്നത് 'ഹൂത്തോയി' (hutoi) എന്നാണ്. 'ഈ മനുഷ്യർ' എന്ന അഭിസംബോധനയിൽ അവജ്ഞയുടെയും ശാസനയുടെയും ധ്വനിയുണ്ട്. തിന്മയുടെയും ദുഷ്ടതയുടെയും വഴിയേ ചരിക്കുന്ന ഇക്കൂട്ടർ ബഹുമാനം അർഹിക്കുന്നില്ല എന്നു സാരം. സ്വന്തം തോന്നലുകൾക്കനുസരിച്ചു ജീവിക്കുന്ന ഇവർ മൃഗതുല്യരാണ്. ഇവരെ വിളിക്കുന്നത് 'unreasoning animals' എന്നാണ്. അവർക്കുണ്ടാകുന്ന ജീവിതാവസ്ഥ 'ദുരിതം' നിറഞ്ഞതാണ്. ശിക്ഷാവിധിയുടെ പ്രവാചകസ്വരമാണിത്.

പഴയനിയമത്തിലെ തിന്മയുടെ രൂപങ്ങളായ കായേൻ (ഉത്പ. 4:8), ബാലാം (സംഖ്യ. 25:1–5; 31:16,19), കോരാഹ് (സംഖ്യ. 16:1–35) എന്നീ വ്യക്തികളെ അവതരിപ്പിച്ചശേഷം ഗ്രന്ഥകാരനായ യൂദാസ് വ്യാജപ്രബോധകരെ ആറു സാദൃശ്യങ്ങളിലൂടെയാണ് അവതരിപ്പിക്കുന്നത്. 1) സ്വന്തം കാര്യംമാത്രം നോക്കുന്ന ഇടയന്മാർ; 2) സ്നേഹവിരുന്നിലെ കളങ്കമായ കുടിച്ചുമദിക്കുന്ന വ്യാജന്മാർ; 3) ജലമില്ലാത്ത മേഘം; 4) ഫലശൂന്യമായ വൃക്ഷങ്ങൾ; 5) ചളിനിറഞ്ഞ് ഇളകിമറിയുന്ന തിരമാല; 6) വഴിതെറ്റിയ നക്ഷത്രങ്ങൾ.

**ലൂക്കാ 11:14–26:** ദൈവരാജ്യപ്രഘോഷത്തോടൊപ്പം ഈശോ അനേകർക്കു സൗഖ്യം നൽകുകയും പലരിലെയും പിശാചുക്കളെ പുറത്താക്കുകയും ചെയ്തു. ഒരിക്കൽ ഊമനായ ഒരു പിശാചിനെ ഈശോ ബഹിഷ്കരിച്ചതിനെത്തുടർന്ന് ജനത്തിനിടയിൽ 'ബേൽസെബൂൽ സംവാദം' ഉടലെടുത്തു. ഇന്നത്തെ സുവിശേഷവായനയുടെ പശ്ചാത്തലമിതാണ്: എപ്രകാരമാണ് ഈശോ പിശാചുക്കളെ ബഹിഷ്കരിക്കുന്നത്? അതിന് അവിടുത്തേക്ക് അധികാരമുണ്ടോ? തുടങ്ങിയവയാണ് സംവാദത്തിലെ ചോദ്യങ്ങൾ. അവരുടെ ഹൃദയവിചാരങ്ങൾ മനസ്സിലാക്കിയ ഈശോ ശക്തമായ ഒരു പ്രബോധനംകൂടി ഈ വചനഭാഗത്തു നൽകുന്നുണ്ട്.



ഈശോയുടെ അദ്ഭുതപ്രവൃത്തി കണ്ട ഒരു കൂട്ടർ പറഞ്ഞു, ഈശോ പിശാചുക്കളെ പുറത്താക്കുന്നത് ബേൽസെബൂലിനെക്കൊണ്ടാണെന്ന്. ഈശോയെ നയിക്കുന്നത് പൈശാചികശക്തിയുടെ തലവനായ ബേൽസെബൂൽ ആണെന്നാണ് അവരുടെ വാദം. രണ്ടാമത്തെ കൂട്ടർ പറഞ്ഞു, ഈശോയുടെ പ്രവൃത്തി ദൈവികമല്ല; ആധികാരികത തെളിയിക്കാൻ യഹൂദർക്കു ബോധ്യപ്പെടുന്ന ഒരു മഹാദ്ഭുതം (സ്വർഗത്തിൽനിന്നുള്ള അടയാളം) അവിടുന്നു ചെയ്യണം.

രണ്ടു പ്രതിബിംബങ്ങളിലൂടെയും ഒരു മറുചോദ്യത്തിലൂടെയും ഈശോ തന്റെ എതിരാളികളുടെ ആരോപണങ്ങളെ നേരിടുന്നു 1) അന്തശ്ഛിദ്രമുള്ള രാജ്യവും ഭവനവും ആന്തരികകലഹംമൂലമുള്ള ഭിന്നതയാൽ നശിച്ചുപോകും. അതുപോലെതന്നെ, സാത്താൻ തനിക്കെതിരേ ഭിന്നിച്ചാൽ അതിനു നിലനില്പില്ല. 2) ശക്തനായ ഒരു മനുഷ്യനെ കീഴടക്കാൻ അതിലും ശക്തനായ ഒരു മനുഷ്യനേ സാധിക്കുകയുള്ളൂ. പൈശാചികശക്തിയുള്ള സാത്താനെ പിടിച്ചുകെട്ടാൻ ദൈവികശക്തിയുള്ള ഈശോയ്ക്കു മാത്രമേ കഴിയുകയുള്ളൂ. "ഈശോ പിശാചുക്കളെ ബഹിഷ്കരിക്കുന്നത് ബേൽസെബൂലിന്റെ ശക്തിയോടെയാണെങ്കിൽ യഹൂദരുടെ ഇടയിൽത്തന്നെ പിശാചുക്കളെ ബഹിഷ്കരിക്കുന്നവർ എങ്ങനെയാണു പ്രവർത്തിക്കുന്നത്?" ഇതാണ് ഈശോയുടെ മറുചോദ്യം.

ഈശോ പിശാചുക്കളെ ബഹിഷ്കരിക്കുന്നത് ദൈവികശക്തിയാലാണ്. ഈശോയിലുള്ളത് ദൈവികശക്തിയാണ്. ഈശോ ഒരിക്കലും പൈശാചികശക്തി ഉപയോഗിക്കുന്നില്ല. പൈശാചികശക്തിയാൽ പ്രവർത്തിക്കുന്ന ഇടങ്ങളും ദുഷ്ടത പ്രവർത്തിക്കുന്ന മനുഷ്യരും തകർന്നുപോവുകയും നശിക്കുകയും ചെയ്യും. ■■

# സ്വയംഭരണവും സമുദായൈക്യവും
## കുടക്കച്ചിറ അന്തോനിക്കത്തനാരുടെ ശ്രമങ്ങൾ



ഫാ. ഡോ. ജെയിംസ് പുലിയുറുമ്പിൽ

**ജൂലൈ 22 – കുടക്കച്ചിറ അന്തോനിക്കത്തനാരുടെ 167 –ാം ചരമവാർഷികം**

**മാ**ർത്തോമാ ക്രിസ്ത്യാനികളുടെ സഭാസ്വാതന്ത്ര്യത്തിനുവേണ്ടി അക്ഷീണം യത്നിച്ച ശക്തനും പ്രതിഭാസമ്പന്നനുമായ ഒരു ശ്രേഷ്ഠവൈദികനാണ് കുടുക്കച്ചിറ അന്തോനിക്കത്തനാർ. സുറിയാനിസഭയുടെ സ്വയംഭരണത്തിനായുള്ള അദ്ദേഹത്തിന്റെ പോരാട്ടം അവിസ്മരണീയമെന്നേ പറയേണ്ടൂ. കേരളനസ്രാണി സഭയ്ക്ക് സുറിയാനിമെത്രാനെ കിട്ടാനുള്ള അദ്ദേഹത്തിന്റെ പരിശ്രമങ്ങൾ ഏറെ ശ്രദ്ധേയമാണ്. സ്വയംഭരണവും സമുദായ ഐക്യവുമായിരുന്നു അദ്ദേഹത്തിന്റെ മുദ്രാവാക്യങ്ങൾ. അതിനുവേണ്ടി അദ്ദേഹം നടത്തിയ ബാഗ്ദാദ് യാത്രകൾ പ്രഖ്യാതമാണ്. മാർത്തോമ്മാക്രിസ്ത്യാനികളുടെ സഭാസ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ഒരു മുന്നണിപ്പോരാളിയായിരുന്ന അദ്ദേഹം കരിയാറ്റിൽ മെത്രാപ്പോലീത്തായോടും പാറേമാക്കൽ തോമ്മാകത്തനാരോടുമൊപ്പം എണ്ണപ്പെടേണ്ട ചരിത്രപുരുഷൻതന്നെയാണ്.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ പൂർവാർധത്തിൽ ജീവിച്ച അദ്ദേഹം പാലാ ഇടവകയിലെ കുടക്കച്ചിറ കുടുംബത്തിൽ 1815 ലാണ് ജനിച്ചത്. 1838 ൽ ശെമ്മാശനായി മാന്നാനം സെമിനാരിയിൽ ചേർന്നു; 1843 ലായിരുന്നു വൈദികപട്ട സ്വീകരണം. 1845 ൽ അരുവിത്തുറ പ്പള്ളിയിൽ വികാരിയായി സേവനമനുഷ്ഠിച്ചു; 1848 ൽ പ്ലാശനാൽ പള്ളിയും ദയറായും സ്ഥാപിച്ചു. 42–ാം വയസ്സിൽ 1857 ജൂലൈ 22 ന് ബാഗ്ദാദിൽവച്ച് മരിച്ച് അവിടെത്തന്നെ സംസ്കരിക്കപ്പെട്ടു.

### നഷ്ടപ്പെട്ട സുറിയാനി പാരമ്പര്യം

കേരളസഭയെ ഭരിച്ച അവസാനത്തെ കൽദായ സുറിയാനി മെത്രാനായിരുന്നു 1597 ൽ മരിച്ച മാർ അബ്രാഹം. തുടർന്ന്, പേർഷ്യയിൽനിന്ന് പൗരസ്ത്യസുറിയാനി മെത്രാന്മാർ വരുന്നതിനെ ഗോവയിലെ പോർച്ചുഗീസ് പദ്രുവാദോഭരണം എതിർത്തു. പദ്രുവാദോഭരണത്തിന്റെ തുടക്കത്തിൽ നിയമിതനായ ഫ്രാൻസിസ് റോസ് എസ്.ജെ. മെത്രാൻ മാത്രമായിരുന്നു ഇതിനൊരു അപവാദം. അദ്ദേഹം ഒരു സുറിയാനി പണ്ഡിതനായിരുന്നു. ലത്തിനീകരിക്കപ്പെട്ടതെങ്കിലും സുറിയാനിക്രമംതന്നെയാണ് റോസ്മെത്രാൻ അനുഷ്ഠിച്ചിരുന്നത്. എന്നാൽ, അദ്ദേഹത്തിന്റെ പിൻഗാമി സ്റ്റീഫൻ ബ്രിട്ടോയ്ക്കു സുറിയാനിഭാഷ അറിയില്ലായിരുന്നു. ഇതേപ്പറ്റി പരാതിപ്പെട്ടുകൊണ്ട് അർക്കദിയാക്കോനും വൈദികരും 1632 ഡിസംബർ 19 ന് ഇടപ്പള്ളിയിൽനിന്നു പോർച്ചുഗീസ് രാജാവിന് എഴുതിയതായി ചരിത്രത്തിൽ കാണുന്നു. സുറിയാനിയിൽ കുർബാന അർപ്പിക്കാനും മലയാളത്തിൽ പ്രസംഗിക്കാനുമറിയാവുന്ന ഡൊമിനിക്കൻ സഭാംഗം ഫ്രാൻസിസ് ദൊനേത്തിയെ ബ്രിട്ടോയുടെ സഹായമെത്രാനായി നിയമിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 1628 ൽ അർക്കദിയാക്കോൻ റോമിലേക്കും പോർച്ചുഗലിലേക്കും എഴുതുകയുണ്ടായി.

സഭാഭരണം കർമ്മലീത്തക്കാരായ വികാരി അപ്പസ്തോലിക്കാമാരിലേക്കെത്തിയപ്പോൾ സ്ഥിതി രൂക്ഷമായി. അവരിൽ പലർക്കും സുറിയാനിയും ഇവിടുത്തെ സംസാരഭാഷതന്നെയും അറിയില്ലായിരുന്നു. നൂറ്റാണ്ടുകളായി പഴയകൂർ സുറിയാനിക്കാരെ ഭരിച്ചിരുന്ന വിദേശലത്തീൻ മെത്രാന്മാർ പട്ടം കൊടുക്കൽ, ദൈവാലയകൂദാശ തുടങ്ങിയ കർമങ്ങൾ അനുഷ്ഠിച്ചിരുന്നത് റോമൻക്രമത്തിലും ലത്തീൻഭാഷയിലും ആയിരുന്നു. തങ്ങളുടെ സഭാധ്യക്ഷനു സുറിയാനിയിൽ കർമങ്ങൾ അനുഷ്ഠിക്കാൻ അറിയില്ലായെന്നത് വലിയ കുറവായി സുറിയാനിക്കാർ കരുതി. സമുദായൈക്യവും സ്വയംഭരണവും വീണ്ടെടുക്കുന്നതിൽ റോമിലെ പ്രൊപ്പഗാന്തയും പോർച്ചുഗലിലെ പദ്രുവാദോയും പ്രതിബന്ധങ്ങളാണെന്ന് അവർക്കു ബോധ്യപ്പെട്ടു. പദ്രുവാദോഭരണം മലങ്കരയിൽ എത്തുംമുമ്പേ ഉണ്ടായിരുന്നതുപോലെ കൽദായ സുറിയാനി പാത്രീയാർക്കീസിനു വഴങ്ങുകതന്നെ പോംവഴി എന്ന് അവർ ചിന്തിച്ചു. അങ്കമാലി പടിയോലയിൽ കാണുംപോലെ കൽദായ പാത്രിയാർക്കീസിന്റെ പക്കൽനിന്ന് ഒരു മെത്രാനെ കൊണ്ടുവന്ന് യോഗ്യനായ ഒരു തദ്ദേശീയനെ മലങ്കരസഭയ്ക്കുവേണ്ടി മെത്രാനായി വാഴിക്കുക എന്നതായിരുന്നു സ്വയംഭരണസാക്ഷാത്കാരത്തിനായി നമ്മുടെ പൂർവികർ കണ്ടെത്തിയ പുതിയ മാർഗം.

### സ്വയംഭരണത്തിനായുള്ള ആദ്യശ്രമങ്ങൾ

പാറേമ്മാക്കൽ തോമാക്കത്തനാർ കൊടുങ്ങല്ലൂർ അതിരൂപതയുടെ ഭരണം നിർവഹിച്ചിരുന്ന കാലത്തുതന്നെ കൽദായ സുറിയാനി മെത്രാനെ കൊണ്ടുവരുന്നതിനായി ഒരു സ്വകാര്യശ്രമം നടന്നു. പുത്തൻചിറ ഇടവകക്കാരൻ പണ്ടാരി പൗലോസ് എന്ന വൈദികന്റെ നേതൃത്വത്തിൽ ഒരു നിവേദകസംഘം കൽദായ പാത്രിയാർക്കീസിനെ സന്ദർശിക്കാൻ ബാഗ്ദാദിലേക്കുപോയി. നിവേദകസംഘത്തിന്റെ നേതാവ് പോൾ പണ്ടാരിയെ മാർ അബ്രാഹം എന്ന പേരിൽ മെത്രാനായി വാഴിച്ച് രണ്ടു സുറിയാനി മല്പാന്മാരോടൊപ്പം പാത്രിയാർക്കീസിന്റെ അഡ്മിനിസ്ട്രേറ്റർ മാർ ഹൊർമിസ് മലബാറിലേക്ക് അയച്ചു. മാർപാപ്പായുടെ അനുവാദം കൂടാതെ മലബാറിലെത്തിയ മാർ പണ്ടാരിയെ സഭാഭരണത്തിൽ ഇടപെടാൻ പാറേമാക്കൽ തോമ്മാക്കത്തനാർ അനുവദിച്ചില്ല. അതുകൊണ്ട്, ഈ ശ്രമങ്ങൾക്കു സമുദായത്തിന്റെ പിന്തുണയും അംഗീകാരവും ലഭിക്കാതെ



പോവുകയും ദൗത്യം പരാജയപ്പെടുകയും ചെയ്തു.

1838 ൽ *Multa Praeclare* എന്ന തിരുവെഴുത്തുപ്രകാരം കൊടുങ്ങല്ലൂർ പദ്രുവാദോ ഭരണം നിർത്തലാക്കിയതോടെ സുറിയാനി ക്രിസ്ത്യാനികൾ മുഴുവനും ഇടവകകളും പ്രൊപ്പഗാന്താ കർമലീത്താഭരണത്തിൻ കീഴിലായി. പദ്രുവാദോയിൽനിന്ന് പ്രൊപ്പഗാന്തയുടെ അധികാരത്തിലേക്കു മാറാൻ വിസമ്മതിച്ച പട്ടക്കാരിൽ പ്രമുഖനായിരുന്നു കുറവിലങ്ങാട് ഇടവകാംഗവും മുമ്പ് ഇടപ്പള്ളി വികാരിയുമായിരുന്ന പനങ്കുഴ കുര്യേപ്പുകത്തനാർ. കൊടുങ്ങല്ലൂർ നിർത്തലായശേഷം ഇദ്ദേഹം സ്വന്തം ഇടവകയായ കുറവിലങ്ങാടാണ് താമസിച്ചിരുന്നത്. കുര്യേപ്പുകത്തനാരും നിധീരിക്കൽ വർക്കിക്കത്തനാരും (നിധീരി മാണിക്കത്തനാരുടെ ചിറ്റപ്പൻ) കൊടുങ്ങല്ലൂരിന്റെ മുൻ ഗോവർണദോരുടെ പിന്തുണയോടെ ഏതാനും വൈദികരെയും കൂട്ടി കൽദായ പാത്രിയാർക്കീസ് മാർ നിക്കോളാസ് സിയായെ അഭിസംബോധന ചെയ്തുകൊണ്ട് ബാഗ്ദാദിലേയ്ക്ക് ഒരു നിവേദനമയച്ചു. 1841 ലോ 1842 ലോ അയയ്ക്കപ്പെട്ട പ്രസ്തുത നിവേദനത്തിൽ ഒരു സുറിയാനിമെത്രാനെയും മല്പാന്മാരെയും അയയ്ക്കണമെന്ന് അപേക്ഷിച്ചിരുന്നു. മലബാറിൽനിന്നുള്ള അടുത്ത നിവേദനം 1849 ജൂലൈ 28 ന് കുറവിലങ്ങാട്ടുനിന്ന് അയച്ചതാണ്. കൽദായ മെത്രാപ്പോലീത്താമാർ, വൈദികർ, ഡീക്കന്മാർ, വിശ്വാസികൾ എന്നിവരെ അഭിസംബോധന ചെയ്യുന്ന രണ്ടാമത്തെ നിവേദനത്തിൽ, വേദപുസ്തകത്തിലും കൽദായക്രമത്തിലും അവഗാഹമുള്ള നല്ലവനായ ഒരു മെത്രാപ്പോലീത്തയെ മലബാറിലേക്ക് അയയ്ക്കണമെന്ന് നിവേദകർ അപേക്ഷിക്കുന്നു. തുടർന്ന് കൽദായ മെത്രാന് മലബാറിൽ എത്തിച്ചേരുന്നതിനുള്ള യാത്രാമാർഗവും അതിനാവശ്യമായ സമയവും വിവരിക്കുന്നു. ആവിക്കപ്പലിൽ ബാഗ്ദാദിൽനിന്നു ബോംബെയ്ക്ക് 11 ദിവസത്തെ യാത്രയും ബോംബെയിൽനിന്നു കൊച്ചിക്ക് മൂന്നു ദിവസത്തെ യാത്രയുമുണ്ട് എന്നാണ് നിവേദനത്തിലെ സൂചന.

1851 ജനുവരി 19 ന് മലബാറിലെ 157 പള്ളികളെ പ്രതിനിധീകരിച്ചുകൊണ്ട് 12 പട്ടക്കാരും 2 ശെമ്മാശന്മാരും ചേർന്ന് കുറവിലങ്ങാട്ടുപള്ളിയിൽനിന്ന് പാത്രിയാർക്കീസ് മാർ ഔദോയ്ക്ക് വീണ്ടും എഴുതി. ഈ നിവേദനവും തയ്യാറാക്കപ്പെട്ടത് പനങ്കുഴ കുര്യേപ്പുകത്തനാരുടെയും നിധീരിക്കൽ വർക്കിക്കത്തനാരുടെയും നേതൃത്വത്തിലായിരുന്നു. വീണ്ടും ഒരു വർഷത്തിനുശേഷം, 1852 ജനുവരി 28 ന് പാലാപ്പള്ളിയിൽനിന്ന് 39 വൈദികർ ചേർന്ന് മറ്റൊരു നിവേദനം കൂടി പാത്രീയാർക്കീസിനയച്ചു. മലങ്കരയിൽ തങ്ങളുടെ അധികാരം വ്യാപിക്കുന്നതിൽ കൽദായപാത്രിയാർക്കീസുമാർ തത്പരരായിരുന്നു എന്നത് ഒരു യാഥാർഥ്യമാണ്. സ്വയംഭരണത്തിനും സമുദായൈക്യത്തിനുംവേണ്ടി ജീവിതം മാറ്റിവച്ച മഹാരഥന്മാരുടെ ഇടമുറിയാത്ത നേതൃത്വം നസ്രാണിസമുദായത്തിന് എന്നുമുണ്ടായിരുന്നു. ആ നിരയിൽ പത്തൊമ്പതാം നൂറ്റാണ്ടിൽ മധ്യത്തിൽ കടന്നുവന്ന ചരിത്രനായകനാണ് കുടക്കച്ചിറ അന്തോനിക്കത്തനാർ. സമാനതകളില്ലാത്ത വ്യക്തിത്വവും നേതൃത്വവുമായിരുന്നു അദ്ദേഹത്തിന്റേതെന്നു ചരിത്രം പഠിക്കുമ്പോൾ വ്യക്തമാകും.

### ബാഗ്ദാദ് നിവേദനങ്ങൾ

അന്തോനിക്കത്തനാരുടെ രംഗപ്രവേശം സ്വയംഭരണപ്രയത്നങ്ങൾക്ക് അസാധാരണമായ ഊർജ്ജവും കരുത്തും പ്രദാനം ചെയ്തു. ഏതാനും വർഷങ്ങൾ മാത്രമേ അന്തോനിയച്ചൻ നേതൃത്വത്തിൽ ഉണ്ടായിരുന്നുള്ളൂവെങ്കിലും അദ്ദേഹത്തിന്റെ ജീവിതവും പോരാട്ടവും സാഹസികമായ ബാഗ്ദാദ് ദൗത്യവും മലങ്കരയിലെ പഴയകൂർ സുറിയനിക്കാരുടെ ചരിത്രത്തിലെ അവിസ്മരണീയമായ ഒരു കാലഘട്ടം തന്നെയാണ്. സ്വയംഭരണത്തിനു സുറിയാനി മെത്രാന്മാരെ ലഭിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ നടക്കുന്ന സമയത്താണ് ദനഹാബർയോനാ എന്ന കൽദായവൈദികൻ കേരളത്തിലെത്തുന്നത്. അദ്ദേഹത്തിന്റെ വരവറിഞ്ഞ പനങ്കുഴ കുര്യേപ്പുകത്തനാർ കൊച്ചിയിൽചെന്ന് അദ്ദേഹത്തെ കുറവിലങ്ങാട്ടേക്കു കൂട്ടിക്കൊണ്ടുവന്നു. ദനഹായ്ക്ക് അവിടെ വലിയ സ്വീകരണം ലഭിച്ചു. എന്നാൽ, ദനഹാ അധികനാൾ മലബാറിൽ നിന്നില്ല.

സുറിയാനിമെത്രാനെ ആവശ്യപ്പെട്ടുകൊണ്ട് കൽദായപാത്രിയാർക്കീസിനു നിവേദനങ്ങൾ പൊയ്ക്കൊണ്ടിരുന്നത് പ്രധാനമായും കുറവിലങ്ങാട്, പാലാ തുടങ്ങിയ തെക്കൻ പ്രദേശങ്ങളിൽനിന്നാണ്. ഇപ്രകാരം നിവേദനങ്ങൾ അയച്ചുകൊണ്ടിരുന്ന മിക്ക വൈദികരും കട്ടക്കയത്തു മല്പാന്റെ ശിഷ്യന്മാരായിരുന്നു. അന്നും ഇന്നും സമുദായസ്നേഹത്തിന്റെ വളക്കൂറുള്ള മണ്ണാണ് കുറവിലങ്ങാട് – പാലാ പ്രദേശങ്ങൾ. ബാഗ്ദാദിലേക്കു നിവേദനങ്ങൾ അയച്ചുകൊണ്ടിരുന്ന ആ കാലത്ത് കുടക്കച്ചിറ അന്തോനിക്കത്തനാരുടെ നേതൃത്വത്തിൽ പ്ലാശനാൽ ദയറായിൽനിന്ന് ചില നിവേദനങ്ങൾ പ്രൊപ്പഗാന്തയ്ക്ക് അയച്ചതായി കാണുന്നു.

അവയിൽ ആദ്യത്തേത്, 1853 മേയ് 23 ന് പ്രൊപ്പഗാന്തയുടെ തലവൻ കർദിനാൾ ഫ്രൻസോണിക്ക് അന്തോനിക്കത്തനാർ അയച്ച നിവേദനമാണ്. അന്തോനിക്കത്തനാർ പ്ലാശനാൽ സ്ഥാപിച്ച ദയറയാണ് ഈ നിവേദനത്തിലെ പ്രതിപാദ്യവിഷയം. രണ്ടാമത്തെ രേഖ, പ്ലാശനാൽ ദയറയിൽനിന്ന് 1853 ജൂൺ ഒന്നിനു തയ്യാറാക്കപ്പെട്ട ഒരു നിവേദനമാണ്. പ്രൊപ്പഗാന്തയുടെ തലവനെ അഭിസംബോധന ചെയ്യുന്ന ഈ നിവേദനത്തിൽ ഒപ്പുവച്ചിരിക്കുന്നത് പ്ലാശനാൽ, പാലാ, ആരക്കുഴ, കുറവിലങ്ങാട്, ചങ്ങനാശ്ശേരി തുടങ്ങിയ പള്ളികളിൽനിന്നുമുള്ള 30 വൈദികരാണ്. വൈദികരും വിശ്വാസികളുമൊന്നടങ്കം വിശ്വാസം, ആരാധനാക്രമം, സുറിയാനിഭാഷ തുടങ്ങിയ കാര്യങ്ങളിൽ അജ്ഞരാണ് എന്നു പ്രസ്താവിക്കുന്നതാണ് പ്രസ്തുത നിവേദനം.

*(രണ്ടാംഭാഗം അടുത്തലക്കത്തിൽ)*

Deepanalam Weekly

RNI No : 16998/68
Vol. 57 No. 21 Date of Publication 25 July 2024
Annual Subscription Rate ₹ 400 (For Abroad ₹4500)

Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment




Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai,